V.N.I

AKPCTA

# kerala
# private college teacher

**No. 115**

**OCTOBER 1993**

# പി എഫ് ലോൺ: അന്യായമായ കാലതാമസം

പി. എഫ്. ലോണെടുക്കാൻ അധ്യാപകരനുഭവിക്കുന്ന ബുദ്ധിമുട്ട് വളരെ വലുതാണ്. സാമ്പത്തിക ഞെരുക്കം വരുമ്പോഴാണ് ലോണിന് അപേക്ഷകൊടുക്കുന്നത്. കോളേജ് ഓഫീസിൽ ഇതിൻെറ കടലാസ്സെല്ലാം ശരിയാക്കാൻ തുടങ്ങുന്നതു മുതൽ അധ്യാപകൻെറ ശനിദശ ആരംഭിക്കുകയാണ്. അവിടെ നിന്നും വല്ലവിധത്തിലും മുകളിലേയ്ക്ക് അയപ്പിച്ചാൽ പിന്നെ കാത്തിരിപ്പിൻെറ മാസങ്ങൾ കടന്നുപോവുകയാണ്. ഒച്ചിഴയുന്ന വേഗത്തിലാണ് ഡെ. ഡി. സി. ഇ.-ഡി. സി. ഇ. ഓഫീസുകളിൽ കാര്യങ്ങൾ നീങ്ങുക. നിസ്സാര കാരണങ്ങൾ പറഞ്ഞാണ് രണ്ടും മൂന്നും പ്രാവശ്യം ഈ ഓഫീസുകൾ അപേക്ഷ മടക്കി അയയ്ക്കുന്നത്. (ഇവർ പി. എഫ് ലോണിന് രാവിലെ അപേക്ഷ കൊടുത്ത് വൈകുന്നേരം പണം വാങ്ങുന്നുണ്ട്.) സ്വന്തം ശമ്പളത്തിൽനിന്നും അടച്ചിട്ടുള്ള തുക ലോണായി അനുവദിച്ചുകിട്ടാൻ ഇത്രയധികം കടമ്പകൾ കടക്കേണ്ടിവരുന്നത് കോളേജധ്യാപകർക്കു മാത്രമാണ്.

കഴിഞ്ഞലക്കം ജേർണലിൽ (സെപ്ററംബർ) എ കെ പി സി ടി എ ഇക്കാര്യത്തിന് കൊടുത്ത നിവേദനം വായിച്ചു. എത്ര കാലമായി നിവേദനം കൊടുക്കുകയും കോൺഫറൻസുകൾ നടത്തുകയും ചെയ്യുന്നു! വല്ല പ്രയോജനവുമുണ്ടോ? പി. എഫ്. ക്രഡിററ് കാർഡ് കാര്യം എന്തായി? അധ്യാപകൻ അടയ്ക്കുന്ന പണത്തിൻെറ കണക്കുപോലും ഇല്ലാത്തതാണ് ഇപ്പോഴത്തെ അവസ്ഥ.

ഇതു മാററിയെടുക്കുന്‍ നിവേദനംകൊണ്ടു മാത്രം കഴിയില്ലെന്നാണ് എൻെറ അഭിപ്രായം. അധ്യാപകരടച്ച പണം അത്യാവശ്യത്തിന് കടമെടുക്കാനുള്ള പുതിയ എന്തെങ്കിലും സംവിധാനം ഉണ്ടാക്കാനാണ് എ കെ പി സി ടി എ പറയേണ്ടത്. അപേക്ഷകൾ മേൽപ്പോട്ടും കീഴ്പ്പോട്ടും അയയ്ക്കുന്ന അറുപഴഞ്ചൻ സമ്പ്രദായം അവസാനിപ്പിക്കണം. അവനവനടച്ച പണത്തിന് അപേക്ഷ കൊടുത്തിട്ട് അനന്തമായി ഇങ്ങനെ കാത്തിരിക്കേണ്ട കാര്യമുണ്ടോ? ബാങ്ക് ഇടപാടുപോലെ, കമ്പ്യൂട്ടറിൻെറ സഹായത്തോടെ പെട്ടെന്ന് പണമെടുക്കാനുള്ള സാഹചര്യം വേണം. ഇത് നടപ്പിലായിക്കിട്ടാൻ സമരംതന്നെ വേണമെന്നാണ് എനിക്ക് തോന്നുന്നത്.

**എം. എം. ഇക്ബാൽ**
—കണ്ണൂർ

## പുതിയ കോഴ്സുകൾ: എല്ലാകോളേജിലും വേണം

ഡിഗ്രി/പി. ജി. തലത്തിൽ കൂടുതൽ കോഴ്സുകൾ എല്ലാ കോളേജുകളിലും തുടങ്ങേണ്ട സമയമാണിത്. എന്നാൽ സർക്കാർ ചില കോളേജുകളിൽ മാത്രം പുതിയ കോഴ്സുകൾ അനുവദിച്ചിരിക്കുകയാണ്. ഇങ്ങനെയൊരു പക്ഷഭേദം കാണിക്കുന്നത് ശരിയല്ല. പുതിയ കോഴ്സുകൾ കിട്ടാൻ ന്യായമായി അർഹതയുള്ള പല കോളേജുകളും തഴയപ്പെട്ടു. കോളേജിൻെറ ആവശ്യമായിട്ടല്ല മാനേജ്മെൻറിൻെറ ആവശ്യമായിട്ടാണ് കോഴ്സുകൾ സർക്കാർ അനുവദിച്ചിട്ടുള്ളത്. കോഴ്സ് അനുവദിക്കാൻ സർക്കാർ പറഞ്ഞ മാനദണ്ഡം പാലിക്കാൻ കഴിയുന്ന കോളേജുകൾ പരിഗണിക്കപ്പെടാതെ പോയതിന് യാതൊരു ന്യായീകരണവുമില്ല. അതുകൊണ്ട് എല്ലാകോളേജുകളിലും കോഴ്സുകളനുവദിക്കാനുള്ള തീരുമാനം ഉടൻ തന്നെ സർക്കാർ കൈക്കൊള്ളേണ്ടതാണ്.

**ഡോ: ജി. ഭാസ്കരൻ**
എൻ. എസ്. എസ്. കോളേജ്
—ചേർത്തല

# സഹായം എത്തിക്കുക

മഹാരാഷ്ട്രയിലെ ഭൂകമ്പദുരന്തത്തിന്റെ ഞെട്ടലിൽ നിന്നും നമ്മളാരും മോചിതരായിട്ടില്ല. എഴുപതു ഗ്രാമങ്ങളാണ് നിമിഷങ്ങൾക്കകം തകർന്നു തരിപ്പണമായത്. മുന്നൂറു കിലോമീറ്റർ ചുറ്റളവിനുള്ളിലെ മനുഷ്യരും അവരുടെ സ്വപ്നങ്ങളും അപ്പാടെ മണ്ണിനടിയിലായി. മരണം നൃത്തമാടിയ ആ പ്രദേശത്തുനിന്ന് ഇപ്പോഴും വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ നമ്മുടെ ദുഃഖം ഇരട്ടിപ്പിക്കുന്നതാണ്. മണ്ണിനടിയിൽപ്പെട്ടുകിടക്കുന്ന ആയിരങ്ങൾ, പരിക്കേറ്റ് ആശുപത്രിയിൽ കഴിയുന്ന അസംഖ്യംപേർ, അഭയാർത്ഥിക്യാമ്പുകളിലെത്തിയിട്ടുള്ള എത്രയെങ്കിലും ആളുകൾ—വിവരണാതീതമാണ് ഈ ദുഃഖചിത്രം.

മഹാരാഷ്ട്രയുടെ ഈ കണ്ണുനീർ ഒപ്പുവാൻ ഇന്ത്യയാകെ ഒരൊറ്റ മനസ്സോടെ ഉണർന്നു പ്രവർത്തിക്കണം. ഏതുതരം സഹായവും അധികമാവില്ല. ഒരുമാസം കൊണ്ടോ ഒരുവർഷം കൊണ്ടോ മാറ്റിയെടുക്കാവുന്ന തകർച്ചയല്ല ഉണ്ടായിരിക്കുന്നത്. ദീർഘകാലാടിസ്ഥാനത്തിൽ പ്ലാനിംഗ് ഉണ്ടാകണം. അതോടപ്പം അടിയന്തിരസഹായം ഉടൻ എത്തേണ്ട മേഖലകളുണ്ട്. കുഴൽ കിണർ പോലുമില്ലാത്തതാണ് ഗ്രാമങ്ങൾ. അവിടെ ശുദ്ധജലം എത്തിക്കണം. ഔഷധം വേണം. അഭയാർത്ഥി ക്യാമ്പുകളിൽ ഭക്ഷണവും വസ്ത്രവും വേണം. പകർച്ചവ്യാധി പടരാതെ നോക്കണം.

ഈ ആവശ്യങ്ങളെല്ലാം നിറവേറ്റാൻ നമ്മളാൽ കഴിവത് ചെയ്യുക. എ കെ പി സി ടി എ പ്രവർത്തക സമിതി ഒരുദിവസത്തെ ശമ്പളം ദുരിതാശ്വാസ നിധിയിലേയ്ക്കു നല്കാൻ എല്ലാ അധ്യാപകരോടും അഭ്യർത്ഥിച്ചിട്ടുണ്ട്. അതുടൻ ചെയ്യുക. അവിടംകൊണ്ടുമാത്രം പ്രവർത്തനം അവസാനിക്കുന്നില്ല. നാട്ടിലെമ്പാടും നടക്കുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ എ കെ പി സി ടി എ പ്രവർത്തകരും സജീവമായി പങ്കെടുക്കണം. നമ്മുടെ നാടിന്റെ ദുരിതവും ദുഃഖവും നമ്മുടെ ദുഃഖമായി കണ്ട് പ്രവർത്തിക്കുക. □


എഡിററർ
**വി. എൻ. മുരളി**

മാനേജിംഗ് എഡിററർ
**കെ. പി. ദിവാകരൻ നായർ**

**പത്രാധിപസമിതി**

വി. നാരായണൻകുട്ടി
കെ. സദാശിവൻനായർ
പി. ജി. ചന്ദ്രശേഖരൻനായർ
സി. ജെ ശിവശങ്കരൻ
ടി. എൻ. മനോഹരൻ
ജെ. ചന്ദ്ര
രാജേന്ദ്രൻ
ജോണി. കെ. ജോൺ

---

വിലാസം
എഡിററർ
വസന്തം
ചെമ്പകശേരി നഗർ
കേശവദാസപുരം
തിരുവനന്തപുരം-4
ഫോൺ- 442242

---

മാനേജിംഗ് എഡിററർ
അശ്വതി
എൽ. ഐ. സി. ലയിൻ 'ബി'
പട്ടം
ഫോൺ : 432505

ഇ. എം. എസ്. നമ്പൂതിരിപ്പാട്

# വിദ്യാഭ്യാസത്തിന്റെ രാഷ്ട്രീയം

കേരളത്തിലെ വിദ്യാഭ്യാസമേഖല അഗാധമായ ഒരു പ്രതിസന്ധിയിലാണെന്നു സർവരും സമ്മതിക്കുന്നു. അസംതൃപ്തരായ അധ്യാപകർ, പ്രക്ഷോഭരംഗത്തു നിൽക്കുന്ന വിദ്യാർഥികൾ, ഇതു രണ്ടും കണ്ട് അമ്പരന്നു നിൽക്കുന്ന രക്ഷിതാക്കളും പൊതുജനങ്ങളും—ഇതാണ് പൊതു ചിത്രം.

ഇത്ര മൂർഛിച്ച തോതിലല്ലെങ്കിലും അഖിലേന്ത്യാതലത്തിലെ ചിത്രവും വ്യത്യസ്തമല്ല. അഭ്യസ്തവിദ്യരായ തൊഴിലില്ലാത്തവരെ സൃഷ്ടിക്കാൻ മാത്രം ഉപകരിക്കുന്ന സമ്പ്രദായമനുസരിച്ചു വിദ്യാഭ്യാസം നേടുന്ന യുവതീയുവാക്കൾ പഠിച്ചതുപയോഗിച്ചു മാന്യമായി ജീവിക്കാൻ കഴിയാതെ നരകിക്കുകയാണ്. വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും ആഗ്രഹിക്കുന്ന ജോലി അഭ്യസ്തവിദ്യർക്കു മുഴുവൻ കിട്ടാൻ വഴിയില്ലാത്തതിനാൽ അഭ്യസ്തവിദ്യരായ തൊഴിലില്ലാത്തവരെ സൃഷ്ടിക്കുന്ന ഈ വിദ്യാഭ്യാസരീതിയോട് ഇന്ത്യയിലാകെ അസംതൃപ്തിയുണ്ട്. അതു പലതരത്തിലും പ്രകടമാവുകയാണ്.

ഈ സ്ഥിതിവിശേഷത്തെ അടിസ്ഥാനപരമായി പരിശോധിച്ചു പ്രായോഗികപരിഹാരം കാണുന്നതിനുപകരം 'വിദ്യാലയ രാഷ്ട്രീയം നിരോധിക്കുക', മുതലായ ചില ചൊട്ടു വിദ്യകൾ കൊണ്ട് പ്രശ്നം പരിഹരിക്കാമെന്നാണ് ചില സുഹൃത്തുക്കൾ കരുതുന്നത്. ഇത് പ്രശ്നം പരിഹരിക്കുന്നതിലേറെ അതിനെ കൂടുതൽ വഷളാക്കാനേ പ്രയോജനപ്പെടുകയുള്ളു എന്തുകൊണ്ടെന്നാൽ. അധ്യാപകരുടെയും വിദ്യാർത്ഥികളുടേയും ഇടയിൽ അസംതൃപ്തി പരക്കുന്നതിനു സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ കാരണങ്ങളുണ്ട്. അവ ഇല്ലാതാക്കിയാലെ ഇന്നത്തെ പ്രക്ഷുബ്ധാവസ്ഥ അവസാനിക്കുകയുള്ളു.

ഈ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് ഒന്നിലേറെ തവണ എന്നെപ്പോലുള്ളവർ ലേഖനങ്ങളെഴുതിയിട്ടുണ്ട്. കേരളത്തിലേയും അഖിലേന്ത്യാതലത്തിലേയും വിദ്യാഭ്യാസ രീതിയെ സംബന്ധിച്ച് ഗൗരവപൂർവമായ ചർച്ച നടത്തേണ്ടതുണ്ടെന്നു നിഷ്പക്ഷമതികൾ മുഴുവൻ സമ്മതിക്കും. അതുകൊണ്ടാണു നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ അടിസ്ഥാനപ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനു 'മാർക്സിസ്റ്റ് സംവാദ' ത്തിന്റെ പത്രാധിപസമിതി തീരുമാനിച്ചത്. ചർച്ചയിൽ പങ്കെടുക്കാൻ സൻമനസു കാണിച്ച എല്ലാ സുഹൃത്തുക്കളോടും പത്രാധിപസമിതിക്കുള്ള കൃതജ്ഞത ഞാനിവിടെ രേഖപ്പെടുത്തട്ടെ

ഈ ചർച്ചയെ കാണേണ്ടത് ഒരു തുടക്കം മാത്രമായിട്ടാണ്. പത്രപംക്തികളിലൂടേയും മററു മാർഗങ്ങളിലൂടെയും ഈ ചർച്ച തുടരുമെന്നു ഞാനാശിക്കുന്നു. തുടർന്നു നടക്കേണ്ട ചർച്ചയിൽ കൈകാര്യം ചെയ്യേണ്ട ഏതാനും സംഗതികളെ സംബന്ധിച്ച് ഒന്നുകൂടി ആവർത്തിക്കാനാണ് ഞാനിവിടെ മുതിരുന്നത്.

1) ഇന്നു നമ്മുടെ രാജ്യത്തു നിലവിലുള്ള വിദ്യാഭ്യാസരീതി ഒന്നരനൂററാണ്ടിനുമുമ്പ് അന്നത്തെ ബ്രിട്ടീഷ് ഭരണാധികാരികൾ വാർത്തെടുത്ത മാതൃകയുടെ തുടർച്ചയാണ്. ബഹുഭൂരിപക്ഷം വരുന്ന പാവപ്പെട്ടവരിൽ നിന്നു വൈകാരികമായും വൈചാരികമായും ഒററപ്പെട്ടു നിൽക്കുന്നവരും മെയ്യനങ്ങിപ്പണിയെടുക്കാൻ തയ്യാറില്ലാത്തവരുമായ യുവതീയുവാക്കളെ സൃഷ്ടിക്കുകയാണ് ഈ വിദ്യാഭ്യാസരീതി ചെയ്യുന്നത്. 1947 വരെ ബ്രിട്ടീഷ് ഗവൺമെൻറിന്റെ കീഴിൽ പണിയെടുക്കുന്ന ഉദ്യോഗസ്ഥൻമാരേയും ജീവനക്കാരേയും സൃഷ്ടിക്കാനാണു വിദ്യാഭ്യാസം സംഘടിപ്പിച്ചിരുന്നതെങ്കിൽ, ഇന്നു കേന്ദ്രസംസ്ഥാനഗവൺമെൻറുകളുടേയും സ്വകാര്യമേഖലകളുടേയും ജീവനക്കാരേയും ഉദ്യോഗസ്ഥൻമാരേയും സൃഷ്ടിക്കാനാണ് വിദ്യാഭ്യാസം പ്രയോജനപ്പെടുന്നത്. ശിശുക്ലാസ്തൊട്ട് ബിരുദ-ബിരുദാനന്തര ക്ലാസുവരെ പഠനം പൂ

ത്തിയാക്കിയാൽ പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ ''വെള്ളക്കോളർ'' ജോലിനേടാൻ ശ്രമിക്കുകയെന്നതാണ് വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടേയും ലക്ഷ്യം. ഇതിന്റേതായ ഒരു സാമൂഹിക കാഴ്ചപ്പാട് ബ്രിട്ടീഷ് ഭരണാധികാരികളും ഇന്ത്യൻ ഭരണാധികാരികളും കൂടി പടച്ചുണ്ടാക്കിയിട്ടുണ്ട്. അതാകെ മാറ്റിയെടുക്കുകയെന്ന രാഷ്ട്രീയ കാഴ്ചപ്പാടോടെയായിരിക്കണം വിദ്യാഭ്യാസ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നത്.

2) ഇതിൽനിന്നു രാജ്യത്തെ രക്ഷിക്കുന്നതിന് മഹാകവി ടാഗൂർ, മഹാത്മാഗാന്ധി മുതലായവരുടെ നേതൃത്വത്തിൽ ചില ശ്രമങ്ങൾ സ്വാതന്ത്ര്യസമരകാലത്തു നടക്കുകയുണ്ടായി. അതിന്റെ ഫലമാണ് ''അടിസ്ഥാനവിദ്യാഭ്യാസം'' എന്നു വിളിക്കപ്പെടുന്ന അധ്യാപനരീതി. അതിന്റെ ചില അംശങ്ങൾ ഔപചാരികമായി നടപ്പിലാക്കിയെങ്കിലും, പഴയ വിദ്യാഭ്യാസരീതി അതേപടി തുടരുകയാണ് സ്വാതന്ത്ര്യലബ്ധിക്കു ശേഷമുള്ള ഭരണകർത്താക്കൾ ചെയ്തത്.

3) ഈ സാഹചര്യത്തിൽ ''എല്ലാവർക്കും വിദ്യാഭ്യാസം'' എന്ന ന്യായമായ ആവശ്യം വ്യാഖ്യാനിക്കപ്പെടുന്നത് ബിരുദ-ബിരുദാനന്തര ക്ലാസുകൾ വരെ എല്ലാനിലവാരത്തിലുമുള്ള വിദ്യാഭ്യാസം എല്ലാവർക്കും കിട്ടുക എന്ന അർത്ഥത്തിലാണ്. ഇതു ശരിയല്ലെന്ന അടിസ്ഥാനത്തിലാണ് ഈ ചർച്ച ഉദ്ഘാടനം ചെയ്യുന്നതിനുവേണ്ടി പത്രാധിപസമിതി തയ്യാറാക്കിയ രേഖ രൂപപ്പെടുത്തിയിട്ടുള്ളത്.

പ്രാഥമിക തലത്തിലുള്ള വിദ്യാഭ്യാസം എല്ലാവർക്കും കിട്ടറ്റാക്കുകതന്നെ വേണം. അതിനാണ് ''പ്രാഥമിക വിദ്യാഭ്യാസം സാർവത്രികവും നിർബന്ധവുമാക്കണമെന്നും ഭരണഘടനയിൽ എഴുതിവച്ചിട്ടുള്ളത്. ഭരണഘടന നടപ്പിൽ വന്ന് 43വർഷം കഴിഞ്ഞിട്ടും ആ ലക്ഷ്യത്തിൽ നാം എത്തിയില്ല. അതിലേക്ക് എങ്ങനെ എത്താമെന്നതാണ് വിദ്യാഭ്യാസമേഖലയെക്കുറിച്ചുള്ള ചർച്ചകളിൽ മുൻഗണന നൽകേണ്ട പ്രശ്നം. അധികൃതർ ചെയ്യുന്നതാകട്ടെ, പ്രാഥമിക വിദ്യാഭ്യാസത്തെ അവഗണിച്ച് ഉപരിതലങ്ങളിൽ പണക്കാർക്കുവേണ്ടിയുള്ള വിദ്യാഭ്യാസം സംഘടിപ്പിക്കുകയാണ്.

5) ഇതുമായി ബന്ധപ്പെട്ട മറ്റൊരു പ്രശ്നമാണ് പ്രാഥമിക വിദ്യാഭ്യാസം ലഭിച്ച യുവതീയുവാക്കൾക്കു സ്വന്തം നാട്ടിൽ ജീവിച്ചു ചെയ്യാവുന്ന ജോലി ഏറ്റെടുക്കാനും അതോടൊപ്പം പ്രകൃതിശാസ്ത്രങ്ങളുടേയും സാമൂഹ്യശാസ്ത്രങ്ങളുടേയും മേഖലയിൽ സാമാന്യ ജ്ഞാനം കിട്ടാനും ഉപകരിക്കുന്ന പാഠ്യവിഷയങ്ങളും പഠനരീതിയും. ആ സ്ഥിതിക്ക് ആ നിലവാരത്തിൽ മാതൃഭാഷാപഠനം നിർബന്ധമാക്കുക മാത്രമല്ല മറ്റെല്ലാ വിഷയങ്ങളും ആ ഭാഷയിൽതന്നെ പഠിപ്പിക്കുകയും വേണം. കൂടാതെ മറ്റൊരു ഭാഷയും ആ നിലവാരത്തിൽ പഠിപ്പിക്കാൻ പാടില്ല. അതിനുവേണ്ടി ചെലവാക്കുന്ന സമയംകൂടി പ്രകൃതി ശാസ്ത്രങ്ങളുടേയും സാമൂഹ്യശാസ്ത്രങ്ങളുടെയും പ്രാഥമികപാഠങ്ങൾ പഠിക്കാനും നാട്ടിലിരുന്നു ജീവിക്കുമ്പോൾ ആവശ്യമായ ഏതെങ്കിലും തൊഴിലിൽ പരിശീലനം നേടാനും ചെലവഴിക്കണം. അപ്പോൾ പ്രാഥമികവിദ്യാഭ്യാസം കഴിയുന്നതോടെ സൗകര്യപ്രദമായ ഏതെങ്കിലും ജോലിയിലേർപ്പെട്ട് നാട്ടിൽ തന്നെ ജീവിക്കാനുള്ള കഴിവുനേടിയ യുവതീയുവാക്കൾ ഉയർന്നുവരും; അവരുടെ വൈജ്ഞാനിക നിലവാരം കഴിയുന്നത്ര ഉയർന്നതാവുകയും ചെയ്യും.

6) വിദ്യാഭ്യാസത്തിന്റെ അടുത്ത ഘട്ടമാണ് സെക്കൻഡറിയുടേത്. ആദ്യഘട്ടത്തിൽ പ്രകൃതി-സാമൂഹ്യശാസ്ത്ര മേഖലകളിൽ നേടിയ വിജ്ഞാനം കുറെക്കൂടി ഉയർത്താനും ഇംഗ്ലീഷ്, ഹിന്ദി എന്നീ രണ്ടു ഭാഷകൾ പഠിക്കാനും ഈ ഘട്ടമുപയോഗിക്കണം. ഈ ഘട്ടത്തിൽ, മാതൃഭാഷ പ്രത്യേകമായി പഠിക്കേണ്ടതില്ല. പക്ഷെ മറ്റുവിഷയങ്ങൾ പഠിപ്പിക്കുന്നതു മാതൃഭാഷയിൽ തന്നെയായിരിക്കണം. കൂടതെ, മാതൃഭാഷയിൽ തന്നെയുള്ള ഉൽകൃഷ്ട സാഹിത്യ കൃതികൾ പരിചയപ്പെടുത്തുന്നതിനുള്ള പരിമിതമായ ഏർപ്പാടുണ്ടായിരിക്കണം. ഈ ഘട്ടം പൂർത്തിയാവുന്നതോട് മാതൃഭാഷയ്ക്കുപുറമേ ഇംഗ്ലീഷ്, ഹിന്ദി എന്നീ രണ്ടു ഭാഷകളിൽകൂടി പ്രാഥമികമായ പ്രാവീണ്യം നേടിയ യുവതീയുവാക്കളുണ്ടാവും. അതോടൊപ്പം ജീവിക്കാനാവശ്യമായഏതെങ്കിലും ജോലിയിൽ ഏർപ്പെടുന്നതിനു വേണ്ട പ്രായോഗിക പരിശീലനവും വിദ്യാർഥിനീവിദ്യാർഥികൾ നേടിക്കഴിയും.

7) ഇതോടെ പൊതുവിദ്യാഭ്യാസം അവസാനിക്കണം. അടുത്തഘട്ടമായ ബിരുദ-ബിരുദാനന്തര ക്ലാസുകൾ പഠിതാക്കളുടെ അഭിരു

# തമ്മിലടിച്ചു പിരിഞ്ഞു ഇപ്പോൾ പ്രസ്താവനപ്പോര്

എകെപിസിടിഎ – എകെജിസിടി ശക്തിയെ തോൽപിക്കാനിറങ്ങിത്തിരിച്ചവർ സ്വയം തോററു തുന്നംപാടിയതാണ് ഏററവും ഒടുവിലത്തെ അനുഭവം. കോളേജധ്യാപകരംഗത്തെ ഏററവും വലിയ സംഘടിത ശക്തിയാണ് എകെപിസിടിഎ - എകെജിസിടി സംഘടനകൾ. കൂടുതൽ കൂടുതൽ അധ്യാപകർ ഈ സംഘടനകളിൽ അണിചേരുകയാണ്. ഈർക്കിൽ സംഘടനകളെ അധ്യാപകർ കൈയൊഴിയുന്നു.

അധ്യാപകരെ കബളിപ്പിക്കാൻ കടലാസു സംഘടനകളെല്ലാം ചേർന്ന് 'ഐക്യവേദി' ഉണ്ടാക്കിയിരുന്നു. ഈ ഐക്യവേദി അതിൻെറ ആന്തരിക വൈരുധ്യം കൊണ്ടുതന്നെ ഇപ്പോൾ തകർന്നുതരിപ്പണമായി. മാനേജുമെൻറു താൽപര്യങ്ങളും, ജാതിമത താൽപര്യങ്ങളും ഐക്യം കൂടിയാൽ അതിൻെറ ഗതി ഇതുതന്നെ ആയിരിക്കും. 'ഐക്യം' പൊളിഞ്ഞതിൻെറ കാരണമായി കെപിസിടിയു സെക്രട്ടറി അച്ചടിച്ചു വിട്ടിരിക്കുന്നത് താഴെ ഉദ്ധരിക്കാം. "We have often joined hands with like minded organizations like PCTA, DCSA and GCTO in fighting common causes. These organizations have affinity to a particular political party and therefore we have been extremely guarded in our approach. We have resisted all efforts to political affiliation Hence we had to sever our relation with "Adhyapaka Aikhyavedi". ഇതിലെ "likeminded" എന്ന പ്രയോഗം ആലോചനാമൃതം തന്നെ. മാനേജരുടെ സംഘടനയായ DCSA യുമായിട്ടാണ് ഈ 'സമാനമനസ്' അധ്യാപകരുടെ സ്ഥലം മാററനിയമത്തെ കേരള യൂണിവേഴ്സിററി സിൻഡിക്കേററിൽ മാനേജ്മെൻറ് താല്പര്യക്കാരുടെ കൂടെച്ചേർന്ന് കെ.പി.സി.ടി.യു വോട്ടുചെയ്ത് തോല്പിച്ചത് ഈ "സമാനമനസ്സു"കൊണ്ടാണ്!

ഈ സംഘടനകളെല്ലാം ഇപ്പോൾ അടിച്ചു പിരിഞ്ഞിരിക്കയാണല്ലോ. തെററിദ്ധരിച്ചിട്ടാണെങ്കിലും ഇവരിൽ വിശ്വാസമർപ്പിച്ചിരുന്ന അധ്യാപകർ ഇത്തരം തത്വദീക്ഷയില്ലാത്ത കൂട്ടുകെട്ടുകളുടെ അപകടം ഇപ്പോഴെങ്കിലും മനസിലാക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. കോളേജധ്യാപകർക്കെല്ലാം ഒരൊററ സംഘടനയിൽ യോജിച്ചു പോകാൻ കഴിയും; കഴിയണം. സ്വന്തം പോക്കററു സംഘടനകളുണ്ടാക്കിയും, പിന്നതിനെല്ലാം 'ഐക്യവേദി'യുണ്ടാക്കുയും തുടർന്ന് അതു പൊളിച്ചും ഉപജീവനം നടത്തുന്നവരെ തിരിച്ചറിയുക. നമുക്ക് എകെപിസിടിഎ—എകെജിസിടി സംഘടനകളുടെ യോജിച്ച മുന്നേററത്തിൽ പങ്കാളികളാകാം. □

ചിക്കനുസരിച്ച് ഏതെങ്കിലുമൊരു പ്രത്യേക വിഷയത്തിൽ വൈദഗ്ധ്യം നേടുന്നതിനുള്ളതായിരിക്കണം. അധ്യാപകർ, ഗുമസ്തജോലിക്കാർ, അഭിഭാഷകൻമാർ, ഡോക്ടർമാരും എൻജിനീയർമാരും, കാർഷികവ്യാവസായികാദി മേഖലകളിൽ പ്രവർത്തിക്കുന്ന വിദഗ്ധൻമാർ മുതലായവരെ പരിശീലിപ്പിക്കാനുള്ള കലാലയങ്ങളൊരു വശത്ത്, വവിധങ്ങളായ പ്രകൃതിസാമൂഹ്യ ശാസ്ത്രങ്ങളിലും സാഹിത്യകലാദി സാംസ്ക്കാരിക മേഖലകളിലും പഠനഗവേഷണങ്ങൾ നടത്തുന്ന അക്കാദമീയ പണ്ഡിതൻമാരെ സൃഷ്ടിക്കുന്ന സർവകലശാലകൾ മറുവശത്ത് – ഈ രണ്ടു ശാഖകളായി ഉപരിവിദ്യാഭ്യസം വിഭജിക്കണം. ഈ ഓരോമേഖലയിലുംപെട്ട ഓരോ തൊഴിലിനും പഠിതാക്കളെ തെരഞ്ഞെടുക്കുമ്പോൾ അതാതു വിഷയത്തിൽ പ്രാവിണ്യം നേടിയ എത്ര ആളുകൾ സമൂഹത്തിനാവശ്യമാണെന്നു കണക്കാക്കി അത്ര സീററുകളാണ് ഓരോ ക്ലാസിലും നിശ്ചയിക്കേണ്ടത്. സമൂഹത്തിനാവശ്യമുള്ളതിലേറെ ബിരുദധാരികളേയും ബിരുദാനന്തര ബിരുദധാരികളേയും സൃഷ്ടിക്കുന്ന ഇന്നത്തെ രീതിയവസാനിപ്പിക്കണമെന്നർത്ഥം.

(ശേഷം 8-ാം പേജിൽ)

# എ കെ പി സി ടി എ യിൽ ചേർന്നു

തിരൂരങ്ങാടി പി. എസ്. എം. ഒ. കോളേജിലെ കെ പി സി ടി യു വിന്റെ സംസ്ഥാന കൗൺസിലറായിരുന്ന കെ. കെ. മുസ്തഫ(ഹിസ്ററി വിഭാഗം) പി. ബഷീർ അഹമ്മദ് (സുവോളജി വിഭാഗം) എന്നിവർ ആ സംഘടനയിൽ നിന്നും രാജിവെച്ച് എ കെ പി സി ടി എ യിൽ ചേർന്നു.

# യൂണിവേഴ്സിററീസ് ബിൽ പിൻവലിക്കുക

## സെലക്ട് കമ്മിററി സിററിംഗിൽ എ.കെ.പി.സി.ടി.എ.

യൂണിവേഴ്സിററീസ് ബിൽ 1993 ന്റെ സെലക്ട് കമ്മിററി സെപ്തംബർ 16 ന് തിരുവനന്തപുരത്ത് നടത്തിയ ആദ്യസിററിംഗിൽ ഈ ബിൽ പൂർണ്ണമായും പിൻവലിക്കണമെന്ന് എ കെ പി സി ടി എ ജനഃ സെക്രട്ടറി ശക്തിയായി ആവശ്യപ്പെടുകയുണ്ടായി. ഉന്നതവിദ്യാഭ്യാസനയരൂപീകരണത്തിന്റെ അന്തർധാരയായി പ്രവർത്തിക്കേണ്ട അടിസ്ഥാന പ്രമാണങ്ങളെ ഉപേക്ഷിച്ച് വാണിജ്യവൽക്കരണവും സ്വകാര്യ താല്പര്യസംരക്ഷണവും ബ്യൂറോക്രാറൈസേഷനും അവിഭാജ്യ ഘടകമായ ഒരു പുതിയ മൂല്യബോധവും ഘടനയും അരക്കിട്ടുറപ്പിക്കാൻ ശ്രമിക്കുന്ന ഈ ബിൽ ഉപേക്ഷിക്കേണ്ടതിന്റെ കാരണങ്ങൾ വിശദമാക്കുന്ന ഒരു രേഖ സംഘടന തയ്യാറാക്കി കമ്മിററിക്ക് നല്കിയിട്ടുണ്ട്. (അന്യത്ര കൊടുത്തിരിക്കുന്നു) എ കെ പി സി ടി എ പ്രതിനിധീകരിച്ച് ജന: സെക്രട്ടറിയെ കൂടാതെ സർവ്വശ്രീ പി ജി ചന്ദ്രശേഖരൻനായർ (വൈസ് പ്രസിഡണ്ട്), ആർ. മോഹൻകുമാർ (സെക്രട്ടറി), ആർ മോഹനൈമെം (ജില്ലാസെക്രട്ടറി), പി. ഗോപിനാഥൻനായർ (പ്രസിഡണ്ട്, എം. ജി കോളേജ് യൂണിററ്) എന്നിവരും സെലക്ട് കമ്മിററി സിററിംഗിൽ പങ്കെടുക്കുകയുണ്ടായി.

സെപ്തംബർ 24 ന് എറണാകുളത്തും 27ന് കോട്ടയത്തും നടന്ന സിററിങ്ങുകളിൽ ജില്ലാ കൗൺസിലുകളുടെ നേതൃത്വത്തിൽ തെളിവ് നൽകുകയുണ്ടായി. എറണാകുളത്ത് ശ്രീ. ജോയ് കുളവേലി, ശ്രീ. ററി എം. തോമസ് (ജില്ലാസെക്രട്ടറി), ശ്രീ. പി. രവീന്ദ്രനാഥൻനായർ - (ആലപ്പുഴ ജില്ലാ സെക്രട്ടറി) ശ്രീ. വി പി. ശിവശങ്കരൻനായർ (ജില്ലാ പ്രസിഡണ്ട്) ശ്രീ. ജോസഫ് മൂലയിൽ, ശ്രീ. രാമമൂർത്തി എന്നിവരാണ് തെളിവ് നല്കിയത്. കോട്ടയത്ത് ശ്രീ ജോർജ് സെബാസ്ററ്യൻ ശ്രീ. മോഹൻ കുര്യൻ (ജില്ലാ സെക്രട്ടറി), ശ്രീ പി. ജെ. ഫിലിപ്പ് (സെക്രട്ടറി), ശ്രീ. ടി. കെ. ജി. നായർ എന്നിവർ തെളിവെടുപ്പിൽ പങ്കെടുത്തു. സംഘടന തയ്യാറാക്കി നല്കിയ രേഖയെ ആസ്പദമാക്കി കമ്മിററിയിൽ വിശദമായ ചർച്ച നടക്കുകയുണ്ടായി. തുടർന്നു നടക്കുന്ന സിററിങ്ങുകളിലും അതാത് ജില്ലാക്കമ്മിററികളുടെ നേതൃത്വത്തിൽ തെളിവ് നല്കുന്നതാണ്. □

# ഉന്നത വിദ്യാഭ്യാസത്തിന്റെ പുനഃസംഘടന

## എ. കെ. പി. സി. ടി. എ. – എ. കെ. ജി. സി. ടി. നേതൃത്വത്തിൽ പഠന സെമിനാറുകൾ

കേരളത്തിലെ അഫിലിയേറ്റിംഗ് സർവകലാശാലകൾക്ക് ഒരു പൊതു നിയമം പാസാക്കിയെടുക്കാൻ കേരളസർക്കാർ തീവ്രശ്രമം നടത്തിക്കൊണ്ടിരിക്കുകയാണല്ലോ. ഉന്നതവിദ്യാഭ്യാസരംഗത്തെ വിവിധ പ്രശ്നങ്ങൾ പുതിയ നിയമനിർമ്മാണത്തിന് നിർബന്ധിക്കുന്നുവെന്നാണ് സർക്കാരിന്റെ നിലപാട്. പുതിയ നിയമമാകട്ടെ ഉന്നതവിദ്യാഭ്യാസരംഗത്ത് അതിഗുരുതരമായ ഭവിഷ്യത്തുകൾ വരുത്തിവയ്ക്കുന്നതുമാണ്. അതുകൊണ്ട് ഉന്നതവിദ്യാഭ്യാസക്രമത്തിന്റെ ഇന്നത്തെ അവസ്ഥയുടെയും പുതിയ സർവകലാശാലാ ബില്ലിന്റെയും ഗൗരവമായ പഠനം നടക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതോടൊപ്പം സർവകലാശാലകളെ കൂടുതൽ സമൂഹോൻമുഖവും നീതിപൂർവകവുമാക്കാനും ഉന്നതവിദ്യാഭ്യാസത്തെ ആധുനികവും വികസന പ്രതികരണക്ഷമവുമാക്കാനും പ്രാപ്തമായ ഒരു പുനഃസംഘടനയുടെ അന്വേഷണവും നടക്കണം. ഈ ലക്ഷ്യത്തോടെ ഉന്നതവിദ്യാഭ്യാസത്തിന്റെ മൗലിക ധർമ്മങ്ങൾ, ഭരണക്രമം, സാമ്പത്തികപ്രശ്നങ്ങൾ, പരീക്ഷാ വ്യവസ്ഥ, പങ്കാളിത്തം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള ഒരു പഠനപരമ്പര ആരംഭിച്ചിരിക്കയാണ്. കേരളത്തിലെ ഒരു സംഘം വിദ്യാഭ്യാസ പ്രവർത്തകരുടെ സഹകരണത്തോടെ എ.കെ. പി. സി. ടി. എ.–എ. കെ. ജി. സി.ടി. നേതൃത്വത്തിലാണ് ഈ പഠന സെമിനാറുകൾ നടക്കുന്നത്. ആദ്യസെമിനാർ തിരുവനന്തപുരത്ത്വച്ച് 1993 ഓഗസ്റ്റ് 25ാം തീയതി നടന്നു. ഉന്നത വിദ്യാഭ്യാസരംഗം—സാമൂഹ്യബാധ്യതകളും സാമ്പത്തിക പ്രശ്നങ്ങളും എന്നതായിരുന്നു വിഷയം.

രണ്ടാമത്തെ സെമിനാർ ' ഉന്നതവിദ്യാഭ്യാസദർശനം–ഒരു മൗലിക സമീപനം എന്ന വിഷയത്തെപ്പറ്റി കോട്ടയം വൈ. എം. സി. എ. യിൽ 1993 സെപ്റ്റംബർ 4-ന് നടക്കുകയുണ്ടായി. സെമിനാറിൽ ഡോ. എൻ. എ. കരിം അദ്ധ്യക്ഷത വഹിച്ചു. ശ്രീ. പി. ഗോവിന്ദപ്പിള്ള അവതരിപ്പിച്ച പ്രബന്ധത്തോട് പ്രതികരിച്ച് ഡോ. രാജൻ ഗുരുക്കൾ, ശ്രീ പി. കെ. മൈക്കിൾ തരകൻ, ശ്രീ. സി. പി. നാരായണൻ, റവ; ഫാദർ കെ. വി. പൗലോസ് എന്നിവർ സംസാരിക്കയുണ്ടായി. അദ്ധ്യാപകർ ചർച്ചയിൽ സജീവമായി പങ്കെടുത്തു:

ഈ പഠനപരമ്പരയിലെ മൂന്നാമത്തെ സെമിനാർ 1993 ഒക്ടോബർ 8ന് എറണാകുളത്ത് പബ്ളിക് ലൈബ്രറി ഹാളിൽവച്ച് നടന്നു. റിട്ട: ജഡ്ജി ശ്രീ ചന്ദ്രശേഖരമേനോന്റെ അദ്ധ്യക്ഷതയിൽ നടന്ന സെമിനാർ മുൻ വിദ്യാഭ്യാസ മന്ത്രി ശ്രീ കെ. ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്തു. 'സർവകലാശാലകളുടെ ഭരണക്രമം' എന്ന വിഷയത്തെ ആസ്പദമാക്കി കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ ഡോ. കെ. കെ. ജോർജ്ജ് പ്രബന്ധം അവതരിപ്പിച്ചു. ഡോ. പി. കെ. രാജൻ (പ്രസിഡണ്ട്, കേരള യൂണി; ടീച്ചേഴ്സ് അസോസിയേഷൻ), ശ്രീ. എം. കെ. പ്രസാദ്, ശ്രീ ജോൺ മാഞ്ഞൂരാൻ എന്നിവർ പ്രബന്ധത്തിന് പ്രതികരണം അവതരിപ്പിക്കുകയുണ്ടായി.

തുടർന്നുള്ള സെമിനാറുകൾ കോഴിക്കോട്ടും തൃശൂരും നടക്കുന്നതാണ്.

---

ഈ ചർച്ചയ്ക്കുവേണ്ടി പത്രാധിപ സമിതി തയ്യാറാക്കിയ രേഖയിൽത്തന്നെ ഈ കാര്യങ്ങൾ അടങ്ങിയിരിക്കുന്നു. ചർച്ചയിൽ പങ്കെടുത്ത സുഹൃത്തുക്കളുടെ അഭിപ്രായങ്ങൾ ശ്രദ്ധിച്ചതിനുശേഷം അത് ഒന്നുകൂടി ആവർത്തിക്കണമെന്ന് തോന്നിയതിനാൽ അതാവർത്തിക്കുക മാത്രമെ ഇവിടെ ചെയ്തിട്ടുള്ളു. ഇന്നത്തെ വിദ്യാഭ്യാസ രീതിയുടെ അലകും പിടിയും മാററണമെന്നാണ് ഇതിനർഥം.

പ്രാഥമികതലം തൊട്ട് ബിരുദാനന്തരതലം വരെ ഓരോ ഘട്ടത്തിലും പഠിക്കേണ്ടതും പഠിപ്പിക്കേണ്ടതുമായ വിഷയങ്ങളാണ് ഇവിടെ പറഞ്ഞത്. ആ വിഷയങ്ങൾ പഠിക്കുന്നതിന്റെയും പഠിപ്പിക്കുന്നതിന്റേയും രീതിയുടെ പ്രശ്നംകൂടി പ്രധാനമാണ്. ഇന്നത്തെ രീതി പുസ്തകപ്രധാനമാണ്. വിദ്യാർഥിനീ വിദ്യാർഥികളുടെ ചിന്താശീലം വളർത്താനല്ല ഓർമശക്തി പരീക്ഷിക്കാനാണ്. ഈ അധ്യാപന രീതി ഏർപ്പെടുത്തിയിട്ടുള്ളത്. പോരെങ്കിൽ എന്തുചെയ്തും പരീക്ഷ പാസാവുക എന്ന ലക്ഷ്യത്തോടെയാണ് അധ്യാപകർ പഠിപ്പിക്കുന്നതും വിദ്യാർഥികൾ പഠിക്കുന്നതും. ഈ അധ്യയനാധ്യാപനരീതിയുടെ അലകും പിടിയും മാററാതെ വിദ്യാർഥിനീ വിദ്യാർഥികളെ സംസ്കാരസമ്പന്നരാക്കാൻ കഴിയുകയില്ല. എന്തു പഠിക്കണം, പഠിപ്പിക്കണം എന്നതുപോലെതന്നെ പ്രധാനമാണ് എങ്ങനെ പഠിക്കണം, പഠിപ്പിക്കണം എന്നതെന്നർത്ഥം.

ചുരുക്കത്തിൽ പഠിക്കാനും പഠിപ്പിക്കാനുമുള്ള വിഷയങ്ങളുടേതെന്നപോലെ അതിനു

ശേഷം 26-ാം പേജിൽ

# ബില്ല് ഉപേക്ഷിക്കണം

'കേരള സർവ്വകലാശാലകൾ ബില്ല് 1993' ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ട് എ കെ പി സി ടി എ നിയമസഭാ സെലക്ട് കമ്മറ്റിയ്ക്കു നൽകിയ നിവേദനം താഴെകൊടുക്കുന്നു. ഉന്നതവിദ്യാഭ്യാസ പ്രശ്നങ്ങൾ ആഴത്തിൽ പരിശോധിച്ചുകൊണ്ടാണ് സംഘടന ഈ ബില്ല് ഗുണത്തേക്കാളേറെ ദോഷമാണു ചെയ്യുന്നത് എന്ന് അഭിപ്രായപ്പെട്ടത്.

ബഹുമാനപ്പെട്ട കേരള നിയമസഭാ സെലക്ട്കമ്മറ്റി മുൻപാകെ ആൾകേരള പ്രൈവറ്റ്കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ സമർപ്പിക്കുന്ന നിവേദനം.

## I—ആമുഖം

1.00. '1993ലെ കേരള സർവകലാശാലകൾ ബിൽ' സെലക്ട്കമ്മറ്റിക്കുവിടാനുള്ള കേരള നിയമസഭയുടെ തീരുമാനം പ്രത്യേക പ്രാധാന്യം അർഹിക്കുന്നു. ഈ തീരുമാനം ഒരേ സമയം രണ്ടുകാര്യങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഒന്ന് നിർദ്ദിഷ്ട ബില്ലിന്റെ അപൂർണ്ണത. രണ്ട് പൊതുജനങ്ങളുടേയും വിശിഷ്യ വിദ്യാഭ്യാസ പ്രവർത്തകരുടേയും സവിശേഷമായ അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ ഈ ബിൽ സമഗ്രമായി മാററുവാനുള്ള സർക്കാരിന്റെ സന്നദ്ധത.

1.1.0. ഏതൊരു വിദ്യാഭ്യാസപ്രക്രിയയുടേയും മൗലികധർമ്മം മാനവീകരണമാണ്. കേവലം തൊഴിൽപരിശീലനമല്ല വിദ്യാഭ്യാസം. സമാധാനപൂർണ്ണമായ സാമൂഹിക മാററത്തിന് ഇതിലേറെ ശക്തമായ ഒരു മാധ്യമമില്ലെന്ന് ദേശീയ വിദ്യാഭ്യാസകമ്മീഷൻ (1964-66) പ്രസ്താവിക്കുന്നു. രാഷ്ട്രത്തിനുവേണ്ട സവിശേഷ മാനവിക വിഭവങ്ങളുടെ വികസനവും ഉന്നതവിദ്യാഭ്യാസ രംഗത്തിന്റെ പ്രത്യേക ഉദ്ദേശ്യമാണ്. രാഷ്ട്രത്തിന്റെ മനസ്സാക്ഷിയാവുക എന്നതിൽ കുറഞ്ഞ ഒരു ധർമ്മവുമല്ല സർവകലാശാലകൾ അനുവർത്തിക്കേണ്ടതെന്ന് സ്വാതന്ത്ര്യാനന്തരത്തിലെ എല്ലാ പ്രധാനപ്പെട്ട വിദ്യാഭ്യാസകമ്മീഷനുകളും പ്രഖ്യാപിച്ചിട്ടുണ്ട്.

1.2.0. ഈ വിദ്യാഭ്യാസ ദർശനങ്ങളുടെ ചൈതന്യം ഉൾക്കൊണ്ട് രൂപംകൊടുത്തവയാണ് കേരളാ—കാലിക്കട്ട് സർവകലാശാലാനിയമങ്ങൾ. അവയുടെ അടിസ്ഥാനപ്രമാണങ്ങൾ താഴെപ്പറയുന്നവയാണ്. (1) വിജ്ഞാന സൃഷ്ടിയും, അധ്യാപനവും, വ്യാപനവും സ്വാതന്ത്ര്യാന്തരീക്ഷത്തിലാണ് നടക്കേണ്ടത്. അതുകൊണ്ട് സർവകലാശാലകൾ

തീർത്തും സ്വയംഭരണസ്ഥാപനങ്ങൾ ആകണം. (2) സർവകലാശാലകൾ അവശ്യം സാമൂഹികസ്ഥാപനങ്ങളായതുകൊണ്ട് അവയുടെ ഭരണക്രമം ജനാധിപത്യപരംതന്നെ ആയിരിക്കണം. (3) ഉന്നതവിദ്യാഭ്യാസപ്രക്രിയ സാമൂഹികവികസന പ്രക്രിയയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കണം. അതുകൊണ്ട് ഉന്നതവിദ്യാഭ്യാസത്തിന്റെ ആസൂത്രണത്തിലും നടത്തിപ്പിലുമെല്ലാം സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കണം. ഈ അടിസ്ഥാനപ്രമാണങ്ങൾ ഏതുമേലവും സംരക്ഷിക്കപ്പെടേണ്ടവയാണ്.

1.3.0 ഒരു പുതിയ നിയമംകൊണ്ടുവരുന്നതിനുള്ള കാരണങ്ങൾ ബില്ലിൽ പറയുന്നുണ്ട്. 'ഓരോ സർവകലാശാലയേയും കൂടുതൽ ഫലപ്രദമായ വിധത്തിൽ അതിന്റെ ചുമതലകൾ നിറവേറ്റുന്നതിനും അതിന്റെലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനും സ്വയംഭരണ അവകാശം ഉറപ്പുവരുത്താനും ...'' (പേജ് 88, 89) ചുരുക്കത്തിൽ സർവകലാശാലകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക, ഉന്നതവിദ്യാഭ്യാസ അവസരങ്ങൾ സന്തുലിതമാക്കുക. ഏകോപനവും സാമ്പത്തിക നിയന്ത്രണവും സാധ്യമാക്കുക, ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് സ്വയംഭരണം നൽകുക, പ്രീഡിഗ്രിവിദ്യാഭ്യാസം 'വിഘടിപ്പിക്കുക' എന്നീ ലക്ഷ്യങ്ങൾക്കാണ് കേരളത്തിലെ അഫിലിയേറ്റിംഗ് സർവകലാശാലകൾക്കെല്ലാമായി ഒരു പുതിയ നിയമം പാസാക്കുന്നത്.

## II–പ്രാരംഭകാര്യങ്ങൾ

2.0.0. പുതിയനിയമത്തിൽ നിർവചിച്ചിരിക്കുന്ന സർവകലാശാലകളുടെ അധികാരങ്ങളും ഘടനകളുടെ സ്വഭാവവും സസൂക്ഷ്മം പരിശോധിക്കുമ്പോഴാണ് പ്രഖ്യാപിത ലക്ഷ്യങ്ങൾ നേടാൻ അവ എത്രമാത്രം അസമർത്ഥമാണെന്ന് വ്യക്തമാവുക. ആ വിശകലനത്തിലേക്കു കടക്കുന്നതിനുമുൻപ് ചില കാര്യങ്ങൾ എടുത്തുപറയേണ്ടതുണ്ട്.

2.1.0. ഏകീകൃതനിയമമെന്ന ആശയം ഉന്നതവിദ്യാഭ്യാസ തത്വങ്ങൾക്ക് വിരുദ്ധമാണ്.

2.1.1. ഏകീകൃതനിയമമെന്ന പദം ഉപയോഗിക്കുന്നില്ലെങ്കിൽത്തന്നെ കേരളത്തിലെ എല്ലാ അഫിലിയേറ്റിംഗ് സർവകലാശാലകൾക്കുമായി ഒരു പൊതുനിയമം ഉണ്ടാക്കിക്കൊണ്ട് അവയെയെല്ലാം ഏകരൂപമായ ഘടനയിലും ധർമ്മത്തിലും ഒതുക്കിനിർത്തുകയെന്ന ആശയം സ്വീകരിക്കപ്പെട്ടിരിക്കുകയാണ്. ഈ സമീപനം ചോദ്യം ചെയ്യപ്പെടേണ്ടതാണ്. സർവകലാശാലാലക്ഷ്യങ്ങളുടെ ബഹുമുഖത്വത്തെക്കുറിച്ച് സ്വതന്ത്ര ഭാരതത്തിൽ നിയമിതമായ എല്ലാ കമ്മീഷനുകളും പ്രസ്താവിക്കുന്നുണ്ട്. വൈവിധ്യമാർന്ന ഈ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കണമെങ്കിൽ ഒരു സർവകലാശാലയുടെ ഘടനയും പ്രവർത്തനരീതിയുമല്ല മറ്റൊരു സർവകലാശാലക്കുവേണ്ടത്. വിഭിന്നധർമ്മങ്ങളുടെ നിർവഹണത്തിന് വിഭിന്നഘടനകളാണ് ആവശ്യം. ഈ അനുമാനവും, സർവകലാശാലകളുടെ ഘടനയിലും പ്രവർത്തനത്തിലും ലക്ഷ്യങ്ങളിലും സമാനത കൈവരുത്താൻവേണ്ടി രൂപപ്പെടുത്തുന്ന ഏകീകൃതനിയമമെന്ന സങ്കൽപ്പനവും തമ്മിൽ യാതൊരു വിധത്തിലും പൊരുത്തപ്പെടുകയില്ല

2.1.2. ഏകീകൃതഭരണ സംവിധാനം കാര്യക്ഷമത വർദ്ധിപ്പിക്കുകയില്ല. കാര്യക്ഷമത മെച്ചമാക്കാൻ ചെറിയ ഘടകങ്ങളാണ്-പരീക്ഷാ നടത്തിപ്പിന്റേതാണെങ്കിലും, അധ്യാപനത്തിന്റേതാണെങ്കിലും ആവശ്യം. ഇന്നുള്ള താരതമ്യേന ചെറിയ ഘടകങ്ങളെ ഒരേ നിയമത്തിൻകീഴിൽഒന്നിച്ചുകൊണ്ടുവന്ന് ഒരു ബൃഹത്തായ ഘടന സൃഷ്ടിക്കുന്നത് കാര്യക്ഷമത തകർക്കാനേ ഇടയാക്കൂ.

2.1 3 ഓരോ സർവകലാശാലയുടേയും അടിസ്ഥാന ധർമ്മങ്ങളിലൊന്ന് മാനുഷിക-ഭൗതിക വിഭവവികസനമാണ്. ഇത് അംഗീകരിക്കുന്നപക്ഷം, ഓരോ സർവകലാശാലയും നിഷ്കൃഷ്ടമായി, പ്രാദേശിക വിഭവലഭ്യതയുടെ അടിസ്ഥാനത്തിൽ, പ്രാദേശിക വികസന ആവശ്യങ്ങളോട് സൃഷ്ടിപരമായി പ്രതികരിക്കേണ്ടത് ആവശ്യമാണ്. ഓരോ സർവകലാശാലയും അതതു പ്രദേശത്തിന്റെ - ഇവിടെ ഒരു സംസ്ഥാനം മുഴുവനുമല്ല യൂണിറ്റ് ആകേണ്ടത്, ഒന്നോ രണ്ടോ ജില്ലകളോ അതിലും ചെറിയ പ്രദേശമോ വേണം ഒരു യൂണിറ്റാകാൻ - സാഹചര്യത്തിന് ഇണങ്ങുന്ന വിധത്തിൽ വ്യത്യസ്ത ഘടനകളോടും പ്രാതിനിധ്യ സ്വഭാവത്തോടും കൂടിയ ഭരണ സമിതികളാണ് ആവശ്യം. ഒരു പൊതുനിയമം ഇതിന് ഒരു വിധത്തിലും ഉപയുക്തമല്ല. വികേന്ദ്രീകൃത ഭരണക്രമമേ വികസന ആവശ്യങ്ങൾ നിറവേറ്റൂ.

2.1.4 വൈജ്ഞാനിക ലോകത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന വിപ്ളവകരമായ മാററം ശ്രദ്ധയിൽപെട്ടേ മതിയാകൂ. ഈ മാററം അവിശ്വസനീയമായ വൈവിധ്യം സംജാതമാക്കിയിരിക്കയാണ്. ഈ സവിശേഷ സാഹചര്യത്തിൽ അധ്യാപനത്തിനും ഗവേഷണത്തിനും വ്യാപനത്തിനും വിഭിന്ന ഘടനകളും വിഭിന്ന രീതികളുമാണ് ആവശ്യം. ഇന്നു നിലവിലുള്ള പരിമിതമായ വൈവിധ്യത്തെപ്പോലും നശിപ്പിക്കുന്ന ഒരു ഏകമാന പാറേറണിനുള്ള ശ്രമം കേരളത്തിന്റെ ധൈഷണിക മേഖലയിൽ അപരിഹാര്യമായ നാശം വരുത്തിവയ്ക്കും. ഘടനകളുടെ ഏകീകരണം വൈവിധ്യം അസാധ്യമാക്കും.

2.2.0 നിർദ്ദിഷ്ട നിയമത്തിന്റെ അന്തർധാരയായി പ്രവർത്തിക്കുന്ന പ്രമാണങ്ങൾ കർക്കശമാക്കൽ, കേന്ദ്രീകരണം, വാണിജ്യവൽക്കരണം എന്നിവയാണ്.

2.2.1. പുതിയ ബില്ല് അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി നടത്തിയ പ്രസംഗത്തിൽ സർവകലാശാലകളെ കാര്യക്ഷമമാക്കാൻ കൂടുതൽ കർക്കശമായ നിയമമാണ് ആവശ്യമെന്ന് പ്രസ്താവിച്ചു. ഭരണസമിതികൾക്കും, വൈസ് ചാൻസലർക്കും പ്രോചാൻസലർക്കും പുതിയ അധികാരങ്ങൾ നൽകിക്കൊണ്ട് അധികാരങ്ങൾ പുനർനിർവചിച്ച് വിപുലമാക്കി കൂടുതൽ കർക്കശമാക്കിയിരിക്കുകയാണ്. ജനാധിപത്യവ്യവസ്ഥയിലെ പാളിച്ചകൾ ജനാധിപത്യം ഇല്ലാതാക്കിക്കൊണ്ടല്ലാ, വിപുലമാക്കികൊണ്ടുവേണം പരിഹരിക്കാൻ.

2.2.2 അധികാരകേന്ദ്രീകരണത്തിനുള്ള ശ്രമം വ്യക്തമാണ്. സെനററിന്റെ അധികാരങ്ങൾ സിൻഡിക്കേററിലേക്ക് കേന്ദ്രീകരിച്ചിരിക്കുന്നു. ഭരണസമിതിയുടെ അധികാരം വൈസ് ചാൻസിലറിലും കേന്ദ്രീകരിച്ചിരിക്കുന്നു; എല്ലാ അധികാരങ്ങളേയും പ്രോചാൻസിലറുടെ സർവാധീശത്വത്തിന് വിധേയപ്പെടുത്തിയിരിക്കുന്നു. ഒരു ജനാധിപത്യഭരണ ക്രമത്തിൽ വികേന്ദ്രീകൃത അധികാരഘടനകൾക്കേ സ്ഥാനമുള്ളു. വകുപ്പു തിരിച്ചുള്ള ചർച്ചയിൽ അധികാര കേന്ദ്രീകരണത്തിനും സ്വകാര്യ–വാണിജ്യവൽക്കരണത്തിനും ഈ നിയമം സൃഷ്ടിക്കുന്ന സാധ്യത വ്യക്തമാക്കും.

2.3.0 സർവകലാശാലയുടെ സ്വയംഭരണത്തിന് എതിരെയുള്ള ആക്രമണമാണ് ഈ നിയമം.

2.31. സർവകലാശാലകളുടെ സ്വയംഭരണ അവകാശം ഒരു അടിസ്ഥാനതത്വമാണ്. It is important to recognise that the case for autonomy of Universities rests on the fundamental consideration that, without it universities cannot discharge effectively their principal function of teaching, research and service to the community and not only an *autonomous* institution, free from regimentation of ideas and pressure of party or power politics, can pursue truth fearlessly and build up, in its teachers and students, habits of independent thinking and spirit of enquiry unfettered by the limitations and prejudices of the near and the immediate which is so essential for the development of a free society(Ref 13 07 P. 326. Kothari Commission Report).

2.3.2. സർവകലാശാലകളുടെ സ്വയംഭരണത്തിന് മൂന്നുതലമുണ്ട്. (1) സർവകലാശാലയ്ക്കുള്ളിലെ സ്വയംഭരണം—ഡിപ്പാർട്ടുമെൻറുകൾ, കോളേജുകൾ, അധ്യാപകർ, വിദ്യാർത്ഥികൾ (2) മററുസർവകലാശാലകൾ, ഇൻറർവേഴ്സിററി ബോർഡ്, യു. ജി. സി തുടങ്ങിയവയുമായുള്ള ബന്ധത്തിൽ ഒരു സർവകലാശാലയുടെ സ്വയംഭരണാവകാശം (3) കേന്ദ്ര—സംസ്ഥാനസർക്കാരുകളുമായുള്ള ബന്ധത്തിൽ ഓരോ സർവകലാശാലയുടേയും സ്വയംഭരണാവകാശം. (Ref. 13 08, Page 326, 327—Kothari Commission) നിർദ്ദിഷ്ടനിയമത്തിന്റെ വകുപ്പു തിരിച്ചുള്ള പരിശോധന സർവകലാശാലകളുടെ മൂന്നു തലത്തിലുള്ള സ്വയംഭരണത്തെയും പുതിയനിയമം എത്ര നഗ്നമായാണ് ലംഘിക്കുന്നതെന്ന് വ്യക്തമാക്കും (ഉദാഹരണങ്ങൾ പുറകെ.)

2.4.0. പ്രീഡിഗ്രി വിദ്യാഭ്യാസം വേർതിരിക്കുന്നതിന് ഒരേ ഒരു ഉദ്ദേശ്യമേ ഉണ്ടാകാവൂ. വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുകയെന്നതാകണം അത്.

2.4.1. പ്രീഡിഗ്രി വിദ്യാഭ്യാസം സർവ്വകലാശാലാതലത്തിൽ നിന്ന് വേർപെടുത്തുന്നതിന്റെ ഏക ഉദ്ദേശ്യം വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുകയെന്നതാണെങ്കിൽ വേർപെടുത്തൽ നടപ്പാക്കുന്നതിന് ഇന്നു നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ മൗലികമാററങ്ങൾ ആവശ്യമാണ്. 10+2+3 എന്ന വിദ്യാഭ്യാസ ഘടന ശക്തമായി ആവശ്യപ്പെട്ട ആദ്യ വിദ്യാഭ്യാസ കമ്മീഷന്റെ അഭിപ്രായങ്ങൾ ഇവിടെ പരിഗണിക്കപ്പെടുകതന്നെ വേണം. (Refer Page 36—Kothari Commission).

2.4.2. വിദ്യാഭ്യാസക്രമത്തിന്റെ പുനഃസംഘടന അധ്യാപകരും അല്ലാത്തവരുമായ ജീവനക്കാർക്ക് ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നും അതിനാൽ ഇത് പതിനഞ്ചോ ഇരുപതോ വർഷം എടുത്തുവേണം പൂർത്തിയാക്കാൻ എന്നാണ് യു. പി. സംസ്ഥാനത്തിന്റെ കാര്യത്തിൽ കൊത്താരിക്കമ്മീഷൻ പറഞ്ഞത്. നിലവിലുള്ള ജീവനക്കാരുടെ താല്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിക്കപ്പെടുകതന്നെവേണം. (Ref. Page 36-Kothari Commission).

2.4.3. പ്രീഡിഗ്രി വിഘടനം ഭൂമിശാസ്ത്രപരമായ മാത്രം പ്രശ്നമല്ല അത് പ്രധാനമായും ഉള്ളടക്കത്തിന്റെയും ഗുണനിലവാരത്തിന്റെയും പ്രശ്നമാണ്. . ഭൂമിശാസ്ത്രപരമായി മാററി സ്ഥാപിക്കുന്നതല്ല കൊത്താരിക്കമ്മീഷന്റെ ഊന്നൽ. കേരളത്തിലേത് പുതിയ 10+2+3 ഘടനയിലുള്ള വിദ്യാഭ്യാസ ക്രമമാണെന്ന് കൊത്താരിക്കമ്മീഷൻ സമ്മതിക്കുന്നുണ്ട്. (Ref. Page 37 Chait-Kothari Commission)

2.4.4. "The most serious weakness of the existing educational system lies not in its structure, but in its feebleness. We are getting relatively much less than which we should from the system as it exists and the resources that go into it. No reorganisation of structure or addition of time can remedy this weakness..." (Ref. Page 36—Kothari Commission).

കൂടുതൽ വിഭവങ്ങൾ നീക്കിവച്ച് +2 പുനസംഘടിപ്പിക്കാൻ തയ്യാറാകുന്നതുവരെ പുനസംഘടന താമസിപ്പിക്കുകതന്നെ വേണമെന്നാണ് വിവക്ഷ. ചുരുക്കത്തിൽ അധ്യാപകരുടെ താല്പര്യങ്ങൾ ചവിട്ടിമെതിച്ച് അധ്യാപകരെ സർവകലാശാലയ്ക്ക് ഇതരമാക്കി തിടുക്കത്തിൽ നടത്തുന്ന പ്രീഡിഗ്രിവിഘടനത്തിന് നീതീകരണമില്ല

## III—സർവകലാശാലയുടെ ലക്ഷ്യങ്ങൾ (വകുപ്പ്—6)

3.1.1. പുതിയനിയമത്തിൽ സർവകലാശാലയുടെ ഉദ്ദേശ്യങ്ങൾ എന്നൊരു വകുപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരമൊന്ന് നിലവിലുള്ള നിയമങ്ങളിൽ ഉണ്ടായിരുന്നില്ല. ബോധനം, ഗവേഷണം, വ്യാപനം എന്നിവയിലൂടെ കൂട്ടായ ജീവിതമാതൃകയിലും, സ്വാധീനത്തിലും കൂടെയും അറിവും ജ്ഞാനവും വിവേകവും വ്യാപിപ്പിക്കുകയും പുരോഗമിപ്പിക്കുകയും ചെയ്യുകയാണ് സർവകലാശാലകളുടെ ലക്ഷ്യങ്ങളെന്ന് ബില്ലിൽ പ്രസ്താവിക്കുന്നു. (വകുപ്പ് 6 പേജ് 6) തുടർന്നുള്ള ഉപവകുപ്പുകളിൽ ഇത് വിശദീകരിക്കുന്നുണ്ട്.

3.1.2. വകുപ്പു 6 2 (എ) മുതൽ (എൻ) വരെ കൊടുത്തിട്ടുള്ള ഉദ്ദേശ്യങ്ങളിൽ മിക്കതും 1964—66-ലെ ദേശീയ വിദ്യാഭ്യാസകമ്മീഷൻ റിപ്പോർട്ടിൽ നിന്ന് അതുപോലെ എടുത്തിട്ടുള്ളതാണ് (Refer Commission Report—Chapter 11 Page 274—277)

30 വർഷത്തിനുശേഷംപോലും ഈ രേഖയിൽ നിന്നുമുള്ള ഉദ്ധാരണം വ്യക്തമാക്കുന്നത് രേഖയുടെ ആനുകാലികപ്രസക്തിയാണ്.

3.2.1. ഇവിടെ രണ്ടു കാര്യങ്ങൾ ശ്രദ്ധേയമാണ്. ആദ്യത്തേത് വിദ്യാഭ്യാസ കമ്മീഷൻ രേഖപ്പെടുത്തിയിരിക്കുന്ന ഉന്നതവിദ്യാഭ്യാസത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു ഉദ്ദേശ്യം ഇവിടെ വിട്ടുകളഞ്ഞിരിക്കുന്നു എന്നുള്ളതാണ്.

"From this point of view University, must learn to encourage individuality, variety and dissent within a climate of tolerence. Dissent there is even now, but usually of a superficial or sensational kind of which many manifestations can be seen in India and abroad. The general tendency however, is to produce the "organi-

## എ കെ പി സി ടി എ വിജയിച്ചു

കൊല്ലം എസ്. എൻ. വനിതാ കോളേജ് കൗൺസിലിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ എ.കെ.പി.സി.ടി.എ. സ്ഥാനാർത്ഥികളായ ശ്രീമതി വി. വത്സലയും ശ്രീ. കെ. വിജയധരനും വൻപിച്ച ഭൂരിപക്ഷത്തോടെ തിരഞ്ഞെടുക്കപ്പെട്ടു.

sation man'' who is afraid to challenge the accepted pattern of social behaviour and social institutions at the intellectual level and who is too open and anxious to worm himself into the graces of people who count so that he may be able to get on in life. The university should have no truck with this kind of mind'', (Ref. 11·05 page 276).

പുതിയ സർവകലാശാലാനിയമത്തിലൂടെ നടക്കുന്ന പ്രക്രിയ ഏകീകരണമാണ്, ഏകതാനതസൃഷ്ടിക്കലാണ് (Homogenisa. tion). ഇതിനെയാണ് ദേശീയ വിദ്യാഭ്യാസ കമ്മിഷൻ തീർത്തും തിരസ്ക്കരിക്കുന്നത്.

3.2.2. രണ്ടാമത്തേത് വളരെ പ്രധാനപ്പെട്ട ഒരു ലക്ഷ്യം വിട്ടുകളഞ്ഞെങ്കിൽ മററുചില ലക്ഷ്യങ്ങൾ പുതുതായി ദേശീയ വിദ്യാഭ്യാസ കമ്മീഷനിലില്ലാത്തത് ചേർത്തിട്ടുണ്ട് എന്നതാണ്.

ഉദാ: 6.3 : jk പുതിയ നിയമം കൊണ്ടുവരുന്നതിന്റെ താൽപര്യം പ്രസ്പഷ്ടമാക്കുന്നതാണ് ഈ വകുപ്പുകൾ. ഇവയിലൂടെ പറയുന്നത് സർവകലാശാലകളിലും ഉന്നത വിദ്യാഭ്യാസരംഗത്തും സാമ്പത്തികനിയന്ത്രണം കൊണ്ടുവരണം, ഭരണക്രമം കർക്കശമാക്കണം എന്നാണ് സാമ്പത്തിക നിയന്ത്രണത്തിലൂടെ സർവകലാശാലയുടെ അക്കാഡമികവും ഭരണപരവുമായ എല്ലാ പ്രവർത്തനങ്ങളേയും സമ്പൂർണ്ണമായി നിയന്ത്രിക്കാൻ കഴിയുമെന്ന് പ്രത്യേകിച്ചു സമർത്ഥിക്കേണ്ട കാര്യമില്ല സർവകലാശാലയെ ഒരു സർക്കാർവകുപ്പാക്കി മാററുകയായിരിക്കും ഇതിന്റെ ഫലം. ഉന്നതവിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങളെയാകെ ഭരണ വ്യവസ്ഥയുടെ പ്രശ്നമായി കാണുന്ന സമീപനം ഇന്നു ശക്തിപ്പെട്ടിരിക്കുകയാണ്. ജ്ഞാനംകമ്മിററിയുടെ സമീപനവും ഇതുതന്നെയാണ്. വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങളെല്ലാം ഭരണയന്ത്രം കാര്യക്ഷമമാക്കി പരിഹരിക്കാൻ കഴിയുമെന്ന സമീപനം യുക്തിപൂർവമല്ല. കർക്കശമായ ഭരണക്രമത്തിന്റെ ആവിഷ്ക്കാരം വിദ്യാഭ്യാസ പ്രതിസന്ധിക്കു പരിഹാരമാവില്ല. ഭരണ സംവിധാനത്തെ കൂടുതൽ ജനാധിപത്യവൽക്കരിക്കയും, വികേന്ദ്രീകരിക്കുകയുമാണ് ആവശ്യം. വ്യത്യസ്ത ഘടകങ്ങളുടെ പങ്കാളിത്തം ചുരുക്കുകയല്ല, വർധിപ്പിക്കുകയാണ് ആവശ്യം. മുകളിലോട്ട് കൂടുതൽ നിയന്ത്രണാധികാരങ്ങൾ പകർന്നു നൽകി കാര്യക്ഷമതയും ശിക്ഷണവും കൊണ്ടുവരാൻ കഴിയില്ല.

3.3.1. ഇവിടെയാണ് വകുപ്പ് 6:1-ൽ പറയുന്നതിന്റെ വിരോധാഭാസം പ്രകടമാകുക 'by example and influence of its corporate life'. സർക്കാരിന്റെ സർവ ബന്ധനിയന്ത്രണത്തിൻ കീഴിൽ അധികാരമെല്ലാം ഏററവും മുകളിലായി കേന്ദ്രീകരിച്ചിരിക്കുന്നതുമായ ഒരു സ്ഥാപനത്തിന്റെ മാതൃകയും സ്വാധീനവും ജനാധിപത്യവിരുദ്ധവും ഏകാധിപത്യ പ്രവണതയോടുകൂടിയതും ആയിരിക്കും. സർവകലാശാലയെന്ന ഏകീകൃതചേതന (body corporate)യുടെ സമിതികളിൽ ഏറിയപേരും ഉദ്യോഗസ്ഥൻമാരും ഭരണവർഗ്ഗം നാമനിർദ്ദേശം ചെയ്തുവരുന്നവരും ആയിരിക്കും. അവരുടെ മാതൃകയും സ്വാധീനവും' എന്തുവിധ പ്രചോദനമാണു പകർന്നു നൽകുക?

### IV സർവകലാശാലകളുടെ അധികാരങ്ങളും ചുമതലകളും (Ref-വകുപ്പ് 7)

4.1.0. സർവകലാശാലകളുടെ നിലവിലുള്ള അധികാരങ്ങളും നിർദ്ദിഷ്ടനിയമ

ത്തിലെ അധികാരങ്ങളും തമ്മിലുള്ള താരതമ്യം ഒരു കാര്യം വ്യക്തമാക്കും. സർവകലാശാലകൾക്ക് നേരത്തെ ഉണ്ടായിരുന്ന എല്ലാ അധികാരങ്ങളും പുതിയനിയമത്തിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ ശ്രദ്ധിക്കേണ്ട കാര്യം, പുതുതായി ധാരാളം അധികാരങ്ങൾ നൽകിയിട്ടുണ്ടെന്നുള്ളതാണ്. ഈ പുതിയ അധികാരങ്ങളെ നാലോ അഞ്ചോ തരമായി തിരിക്കാം.

4.2 0. സർവകലാശാലയുടെ കീഴിൽ അഫിലിയേററഡ് കോളേജുകൾക്ക് പുറമെ ഒരു കൂട്ടം പുതിയ സ്ഥാപനങ്ങൾ ആരംഭിക്കാനുള്ള അധികാരമാണ് ഇതിൽ ആദ്യത്തേത്. കമ്മ്യൂണിററികോളേജുകൾ, സവിശേഷപഠനങ്ങൾക്കായുള്ള സ്ഥാപനങ്ങൾ (7 :ii) യൂണിവേഴ്സിററി ക്യാമ്പസ്സുകളിലെ സ്വയംഭരണ സ്ഥാപനങ്ങൾ (7:vii)തൊഴിലധിഷ്ടിത വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ (7:xxxvi) ഒക്കെ ഇതിൽപ്പെടുന്നു. കമ്മ്യൂണിററി കോളേജുകൾക്ക് വ്യക്തമായ നിർവചനം നൽകിയിട്ടില്ല. അതേസമയം അധ്യാപക നിയമനത്തിന്റെയും വിദ്യാർത്ഥി പ്രവേശനത്തിന്റെയും കാര്യത്തിൽ ഉപയോഗിക്കപ്പെടുന്ന ഒരു 'കമ്മ്യൂണിററി' സങ്കല്പം ഇന്നിവിടെ പ്രബലമാണുതാനും. ഈ സങ്കുചിത അർത്ഥത്തിലല്ല കമ്മ്യൂണിററി കോളേജുകൾ വിഭാവനം ചെയ്തിരിക്കുന്നതെന്ന് വ്യക്തമായ നിർവചനത്തിന്റെ അഭാവത്തിൽ എങ്ങനെ പറയാൻ കഴിയും? സങ്കുചിതാർത്ഥത്തിലുള്ള ഒരു. കൂട്ടം കമ്മ്യൂണിററികോളേജുകൾ ഉണ്ടാകുവാൻ ഇത്തരമൊരു വകുപ്പ് ഭാവിയിൽ ഇടനൽകും..

4.2.1. തികച്ചും വ്യക്തമാണ് അംഗീകൃത സ്ഥാപനങ്ങളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും കാര്യം. ഗവേഷണത്തിനും സവിശേഷ വിഷയങ്ങളിലുള്ള ഉന്നത പരിശീലനത്തിനും ഇത്തരം സ്ഥാപനങ്ങൾക്കു നൽകുന്ന അംഗീകാരം കേരളത്തിലെ സർവകാലാശാല രംഗത്തെയാകെ മാററിമറിക്കാനിടയാക്കും. ഇന്നുള്ള പല സ്ഥാപനങ്ങളും അംഗീകൃത സ്ഥാപനങ്ങളായി മാറും പുതിയ കോഴ്സുകളിൽ കുടുതലും അംഗീകൃത സ്ഥാപനങ്ങളായിരിക്കും ഇനിയും ആരംഭിക്കുക. ഈ സ്ഥാപനങ്ങളാകട്ടെതികച്ചും വാണിജ്യതത്ത്വങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും നടത്തുക. ഇത് ഉന്നതവിദ്യാഭ്യാസരംഗത്തിന്റെ സമ്പൂർണ്ണമായ കമ്പോളവൽക്കരണത്തിലേക്കും സ്വകാര്യവൽക്കരണത്തിലേക്കും നയിക്കും. ഈ സ്ഥാപനങ്ങൾക്ക് സർവകലാശാലാഭരണത്തിൽ പങ്കാളിത്തം കിട്ടുന്നതോടെ സർവകലാശാലയുടെ നിയന്ത്രണം തന്നെ സ്വകാര്യ വാണിജ്യതാല്പര്യങ്ങൾക്ക് അടിയറവയ്ക്കപ്പെടും. അതുകൊണ്ട് ഈ പുതിയ അധികാരങ്ങൾ സർവകലാശാല രംഗത്തെ സാമൂഹിക പങ്കാളിത്തം പരിമിതപ്പെടുത്തുന്നതിനും സ്വകാര്യവാണിജ്യ താല്പര്യങ്ങൾക്ക് അടിമപ്പെടുത്തുന്നതിനുമാണ്.

4.3.0. സർവകലാശാലയുടെ ഒരു കൂട്ടം അധികാരങ്ങൾ സർക്കാരിന്റെ അനുമതിക്ക് വിധേയപ്പെടുത്തിയിരിക്കുന്നു എന്നതാണ് മറെറാരു ഗുരുതരമായ കാര്യം. സാങ്കേതികവും, ഭരണപരവും, മിനിസ്റററീരിയലും മററുമായ പോസ്ററുകൾ സൃഷ്ടിക്കുന്നത് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ മാത്രമേ സാധിക്കൂ. (7.xii). ഇത് സർവകലാശാലയുടെ സ്വയംഭരണത്തിന് വിരുദ്ധമാണ് (Ref. Kothari Commission Page 328) ഭരണസമിതികളുടെ ഘടനയും പ്രാതിനിധ്യരീതിയും നേടിക്കൊണ്ട് ഭരണകൂടത്തിന്റെ താല്പര്യം മാത്രം നടപ്പാക്കുന്ന സ്ഥാപനങ്ങളാക്കി സർവകലാശാലകളെ തരംതാഴ്ത്തിയിരിക്കുന്നു. അത്തരമൊരു സാഹചര്യത്തിൽവേണം ഈ വകുപ്പിന്റെ നിർണ്ണായകമായ സ്ഥാനം മനസ്സിലാക്കാൻ.

4.4.0. സർവ്വകലാശാലകൾക്ക് നൽകിയിരിക്കുന്ന മറെറാരു കൂട്ടം അധികാരങ്ങൾ അധ്യാപക—അനദ്ധ്യാപകരെയും, വിദ്യാഭ്യാസ സ്ഥാപനങ്ങളെയും നിയന്ത്രിച്ചുനിർത്താനുദ്ദേശിച്ചുള്ളതാണ്. (7:xL), viii, Lxvii, 7:L: 10(:6)ശിക്ഷണനടപടികളുടെ അഭാവമാണ് പ്രശ്നങ്ങൾക്കെല്ലാം കാരണമെന്ന സമീപനം ഇതിൽ വ്യക്തമാണ്. ശിക്ഷിക്കാനുള്ള കൂടുതൽ വകുപ്പുകൾ കൊണ്ട് സർവകലാശാലയെ ആയുധവൽക്കരിക്കേണ്ട യാതൊരാവശ്യവുമില്ല. നിലവിലുള്ള നിയമത്തിൽത്തന്നെ ഇതിനുമതിയായ വകുപ്പുകൾ ഉണ്ട്. "to provide for the inspection to affiliated colleges and to issue such direction as the University may deem fit"(കേരള സർവകലാശാല നിയമം.. 5:xxii)

## എ കെ പി സി ടി എ വിജയിച്ചു

കൊല്ലം T.K.M. Arts and Science College കൗൺസിലിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ എ കെ പി സി ററി എ സ്ഥാനാർത്ഥികളായ ശ്രീ. അമീർ അലി. എ. ശ്രീ. അശോക്. എസ്, ശ്രീമതി ഡോ. സുലേഖ ജി എന്നിവർ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു

4. 5. 0. അധ്യാപക—അനധ്യാപകർക്ക് പരിശീലനം നൽകുന്നതിനോടും പിന്നോക്കം നിൽക്കുന്ന സാമൂഹിക വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ അവസരങ്ങൾ സൃഷ്ടിക്കുന്നതിനോടും ബന്ധപ്പെട്ട് പുതുതായി ചേർത്തിരിക്കുന്നതാണ് ചില വകുപ്പുകൾ. അധ്യാപകർക്കും, വിദ്യാർത്ഥികൾക്കും, സർവകലാശാലകൾക്കും ഇടയിലും പുറത്തും ഔപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്നും അനൗപചാരിക സമ്പ്രദായത്തിലേക്കും, മറിച്ചും മാററം സുഗമമാക്കുന്നതിനും ഈ വകുപ്പുകൾ ഉദ്ദേശിക്കുന്നു. ഇത് പൊതുവെ സ്വാഗതാർഹമാണ്, പക്ഷേ ഇതൊക്കെ പ്രത്യേകവകുപ്പുകളായി എഴുതിചേർക്കാതെതന്നെ ഇപ്പോഴത്തെ നിയമത്തിൻെറ അധികാരപരിധിക്കുള്ളിൽ സാധിക്കാവുന്നതേയുള്ളൂ.

### V ആമുഖപ്രസ്താവനകളുടെ ചുരുക്കം

5.1.0. ചുരുക്കത്തിൽ പുതിയ സർവകലാശാല നിയമത്തിൻെറ ആമുഖ പ്രസ്താവനകളുടെയും ഉദ്ദേശലക്ഷ്യങ്ങളുടെയും അധികാര-ഉത്തരവാദിത്തങ്ങളുടെയും ശ്രദ്ധാപൂർവ്വമായ പഠനവും വിശകലനവും വ്യക്തമാക്കുന്ന കാര്യങ്ങൾ ഇവയാണ്.

5.2.0. ഉന്നതവിദ്യാഭ്യാസത്തിന് മഹത്തായ പല ലക്ഷ്യങ്ങളും ഉദ്ധരിക്കാനുണ്ടെങ്കിൽത്തന്നെ (to serve as the conscience of the nation etc, Ref 2. t. e ...) സർവകലാശാലകളുടെ മേലുള്ള സർക്കാരിൻെറ നിയന്ത്രണം ഫലപ്രദമായി ശക്തിപ്പെടുത്തിക്കൊണ്ട് സർവകലാശാലകളുടെ സ്വയംഭരണം തകർക്കുകയാണ് ഈനിയമം ചെയ്യുന്നത്. അതുകൊണ്ട് മുകളിൽ സൂചിപ്പിച്ച് മഹത്തായ ലക്ഷ്യങ്ങൾ ഒരിക്കലും സാക്ഷാൽക്കരിക്കാനിടയാകാതെ പോകുന്നു. സർവകലാശാലയുടെമേലുള്ള സർക്കാരിൻെറ നിയന്ത്രണം വർദ്ധിപ്പിക്കുന്ന അതെ അവസരത്തിൽതന്നെ സ്ഥാപനങ്ങളുടെ മേലും ജീവനക്കാരുടെ മേലുമുള്ള സർവകലാശാലകളുടെ നിയന്ത്രണവും ശക്തമാക്കുന്നു. നിയന്ത്രണം കർക്കശമാക്കുകയാണ് ഈ നിയമത്തിൻെറ പരമമായ ഉദ്ദേശ്യം.

5,2.1. അനുവദനീയമായ നിയന്ത്രണത്തിന് നീതീകരിക്കാനാവാത്തനിധം ആയുധം അണിഞ്ഞിട്ടുള്ള ഈ നിയമം വിദ്യാഭ്യാസ രംഗത്ത് പുതുമ പരീക്ഷിക്കുന്നതിനും നവംനവങ്ങളായ മാതൃകകൾ കൊണ്ടുവരുന്നതിനും കാര്യമായ നിർദേശങ്ങളൊന്നും നൽകുന്നില്ല.

5.2.2 Innovationനുള്ള ശ്രമം ഇല്ലായെന്നു പറയുമ്പോൾതന്നെ അംഗീകൃത സ്ഥാപനങ്ങളും വ്യവസായത്തിൻെറ പിൻബലത്തോടുകൂടിയ സ്വയംഭരണ സ്ഥാപനങ്ങളും പുതുതായി തുടങ്ങുവാനുള്ള അധികാരപ്പെടുത്തൽ എടുത്തുപറയാതെ വയ്യ. ഈ സ്ഥാപനങ്ങൾ ഉന്നത വിദ്യാഭ്യാസരംഗത്തെ കച്ചവടവൽക്കരിക്കാനും സ്വകാര്യതാൽപര്യങ്ങളുടെ സ്വാധീനം വർദ്ധിപ്പിക്കാനുമേ ഉതകൂ

5.2.3 സമൂഹോൻമുഖവും പ്രാദേശിക വികസന ആവശ്യങ്ങളോട് സർഗ്ഗാത്മകമായി പ്രതികരിക്കുന്നതുമായ ഒരു ഉന്നത വിദ്യാഭ്യാസരംഗം കരുപിടിപ്പിക്കുന്നതിന് ഈ നിയമം തീർത്തും പരാജയപ്പെടും. കാരണം, ജനങ്ങൾ ഇതിൻെറ അധികാരപരിധിക്ക് അന്യരാണ്. ഏകതാനതയ്ക്കുള്ള വെപ്രാളം പ്രാദേശിക ആവശ്യങ്ങളെ വിസ്മൃതമാക്കും. മററു

കാര്യങ്ങളോടുകൂടെ ഇതും ചേരുമ്പോൾ ഭാവിയിൽ ഉന്നതവിദ്യാഭ്യാസരംഗം തീർത്തും സാമൂഹിക വിരുദ്ധമായി മാറും.

## VI. ചാൻസിലറും പ്രോചാൻസിലറും

6.1.0. ചാൻസിലർ-'യൂണിവേഴ്സിറ്റി മോഡൽ ആക്ടി'ൽ വിഭാവനം ചെയ്യുന്നതുപോലെ ചാൻസിലർ പദവി സർവകലാശാലയുടെ യശസ്സ് വർദ്ധിപ്പിക്കുന്നതായിരിക്കണം. അത് അധികാരംകൊണ്ടോ ഭരണപരമായ ചുമതലകൾകൊണ്ടോ സങ്കുചിത രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് ദുരുപയോഗപ്പെടുത്താൻ പാടില്ലാത്തതുമാണ്. നിർദ്ദിഷ്ട നിയമത്തിൽ ചാൻസിലർക്ക് നൽകിയിരിക്കുന്ന അധികാരങ്ങൾ (റഫ. വകുപ്പ് 10. 6) കേന്ദ്ര സർക്കാരിന്റെ പ്രതിനിധിയെന്ന നിലയിൽ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ നയങ്ങൾക്ക് വിരുദ്ധമായി ഉപയോഗിക്കപ്പെടാം.

6.1.1. കേന്ദ്ര സർവകലാശാലകളിലും പല വിദേശ സർവകലാശാലകളിലും ചാൻസലർമാർ രാഷ്ട്രീയ ഭരണാധികാരികൾ അല്ല. ഉന്നതസ്ഥാനീയരായ ചിന്തകരോ വിദ്യാഭ്യാസവിചക്ഷണരോ ആണ്. ഇവരെ 'കോൺവൊക്കേഷൻ' തെരഞ്ഞെടുക്കുകയാണ് പതിവ്. ഈ മാതൃക കേരളത്തിലെ സർവകലാശാലകളിലും സ്വീകരിക്കണം.

6.2.0. പ്രോചാൻസിലർ - നിർദ്ദിഷ്ട ബില്ലിൽ പ്രോ-ചാൻസലർക്ക് കൊടുത്തിരിക്കുന്ന അധികാരങ്ങൾ (വകുപ്പ് 11-34) സർവകലാശാലകളെ വെറും സർക്കാർ വകുപ്പായി അധഃപതിപ്പിക്കും. സർക്കാരിന്റെ നയങ്ങൾ സർവകലാശാലകളിൽ പ്രതിഫലിപ്പിക്കുവാൻ അവിടെ വരുന്ന സർക്കാർ പ്രതിനിധികൾക്ക് കഴിയും. കഴിഞ്ഞ രണ്ടുദശകമായി കേരള-കാലിക്കററ് സർവകലാശാലകളിൽ ഇത് നടന്നുകൊണ്ടിരിക്കുകയുമാണ്. പ്രധാനപ്പെട്ട സർക്കാർ തീരുമാനങ്ങളൊന്നും സർവകലാശാലകൾ തിരസ്കരിക്കാറില്ല. വിദ്യാഭ്യാസ മന്ത്രിയായ പ്രൊചാൻസിലർ, ഫയൽ പരിശോധിക്കുന്നതും തീരുമാനത്തെ സ്വാധീനിക്കുന്നതും സ്വയംഭരണാവകാശത്തിന്റെ നഗ്നമായ ലംഘനമാണ്. ഈ അധികാരം യാതൊരു കാരണവശാലും നിയമത്തിൽ ഉൾപ്പെടുത്തിക്കൂടാ,

6.2.1. വിദ്യാഭ്യാസമന്ത്രി സർവകലാശാലകളുടെ പ്രോചാൻസിലറാകാം, സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ അഭിലാഷങ്ങൾ പ്രതിഫലിപ്പിക്കുന്ന ഒരു കണ്ണിയെന്നനിലയിൽ മാത്രം.

## VII. അധികാരസ്ഥാനങ്ങളും കമ്മററികളും

(റെഫർ അദ്ധ്യായം 4 വകുപ്പുകൾ 12-25)

7.1.0 ഇന്നുള്ള അധികാര സ്ഥാനങ്ങളും കമ്മററികളും രൂപീകരിച്ചതിന് അടിസ്ഥാനമായ വിദ്യാഭ്യാസതത്വങ്ങളെക്കുറിച്ച് വിശദമായി മുകളിൽ പ്രസ്താവിച്ചിട്ടുണ്ട്. ഈ തത്വങ്ങൾ ഇന്നും മാനിക്കപ്പെടേണ്ടതാണെന്നുള്ളതുകൊണ്ട് അവയുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച സമിതികളും അവയുടെ രൂപവും തുടർന്നും നിലനിർത്തുക തന്നെവേണം. ഈ സമിതികളിൽ ഏതെങ്കിലും കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ലെങ്കിൽ, അത് പരിശോധിക്കുകയും പ്രവർത്തനക്ഷമമാക്കാനുള്ള നിർദ്ദേശങ്ങൾ നൽകുകയുമാണ് വേണ്ടത്. സമിതികൾ അപ്പാടെ പുനഃസംഘടിപ്പിക്കുകയല്ല. അതുകൊണ്ട് കേരള-കാലിക്കട്ട് സർവകലാശാലകളുടെ ഭരണസമിതികൾ അവയുടെ രൂപത്തിലും അധികാരത്തിലും ക്രമത്തിലും പഴയതുപോലെതന്നെ നിലനിർത്തണം.

7.1.1. മഹാത്മാഗാന്ധി സർവകലാശാലയിലെ സമിതികളും കേരള-കാലിക്കട്ട് സർവകലാശാല സമിതികളുടെ മാതൃകയിൽ പുനഃസംഘടിപ്പിക്കണം.

7.2.1. സെനററ്-സർവകലാശാലകളുടെ പരമാധികാര സഭയായി സെനററ് പ്രവർത്തിക്കണം. സമൂഹത്തിന്റെ പരിച്ഛേദം ആയിരിക്കണം സെനററ് എന്ന കൊഠാരി കമ്മിഷന്റെ നിഗമനം തന്നെയാണ് ഇന്ത്യൻ സാഹചര്യങ്ങൾക്ക് ഏററവും അനുയോജ്യം. അതുകൊണ്ട് സെനററിന്റെ ഇന്നുള്ള അധികാരവും ഘടനയും മാററുന്നത് ശരിയല്ല.

7,2.2. സെനററിന്റെ ഇപ്പോഴുള്ള പ്രാതിനിധ്യസ്വഭാവം നിലനിർത്തണം. ഒപ്പം സ്ത്രീകൾ, പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾ സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കാവസ്ഥയിലുള്ളവിഭാഗങ്ങൾ തുടങ്ങിയവർക്കും പ്രാതിനിധ്യം ഉറപ്പുവരുത്തണം. രജിസ്ട്രേഡ് ഗ്രാഡ്വേററ് മണ്ഡലത്തിൽ നിന്നും ഏതാനും സീററുകൾ അവർക്കായി സംവരണം ചെയ്യണം.

7.2.3. സെനററിന് സബ്കമ്മററികളും സബ്ജക്ട് കമ്മിററികളും ഉണ്ടാകണം. പ്ര

## ബ്രാഞ്ച് സെക്രട്ടറിമാർ ശ്രദ്ധിക്കുക

മെമ്പർഷിപ്പ് പ്രവർത്തനം പൂർത്തിയാക്കാത്ത ബ്രാഞ്ചുകൾ ഇനിയും താമസിപ്പിക്കരുത്. ഉടൻതന്നെ തുക ട്രഷറർക്ക് അയക്കുക. ജേർണൽ വരിസംഖ്യയും എത്രയും വേഗം മാനേജിംഗ് എഡിറ്റർക്ക് അയച്ചുകൊടുക്കണം.

കെ. സദാശിവൻനായർ
ജനറൽ സെക്രട്ടറി
എ കെ. പി സി. ടി. എ

സ്തുത കമ്മററികൾ താഴെപറയുന്ന വിഷയങ്ങളിൽ പഠനങ്ങൾ നടത്തി നിർദ്ദേശങ്ങൾ സെനററിന്റെ മുൻപാകെ വയ്ക്കണം. സെനററ് അവയുടെമേൽ തീരുമാനം എടുക്കണം. (1) സർവകലാശാലയുടേയും വകുപ്പുകളുടേയും ധനവിനിയോഗം (2) ഉന്നതവിദ്യാഭ്യാസ രംഗത്തെ ദീർഘകാല ആസൂത്രണം (3) പുതിയ ധനാഗമമാർഗങ്ങൾ (4) വ്യവസായം ഇതര ഗവേഷണ സ്ഥാപനങ്ങൾ സന്നദ്ധസംഘടനകൾ ഇവയുമായി ചേർന്ന് നടത്താൻ കഴിയുന്ന സംയുക്ത പദ്ധതികൾ നിലവിലുള്ള നിയമം നിലനിർത്തികൊണ്ടു തന്നെ ഇത്തരം സമിതികൾ രൂപീകരിക്കാവുന്നതാണ്.

7.3.0. സിൻഡിക്കേററ്—എക്സ്ഓഫീഷ്യോ പ്രതിനിധികൾ ഒഴികെയുള്ളവർ തെരഞ്ഞെടുക്കപ്പെടുന്നവർ തന്നെ ആയിരിക്കണം സ്ത്രീകൾ, പിന്നോക്ക വിഭാഗങ്ങൾ എന്നീ മണ്ഡലങ്ങളിൽ നിന്ന് പുതുതായി സെനററിലേക്കു തെരഞ്ഞെടുക്കപ്പെട്ടുവരുന്നവരുടെ പ്രതിനിധികളെ കൂടെ സിൻഡിക്കേററിൽ ഉൾപ്പെടുത്തണം. നിലവിലുള്ള നിയമത്തിന്റെ ഭേദഗതികൊണ്ട് ഇതു സാധിക്കാവുന്നതാണ്.

7.4.0. അക്കാദമിക് കൗൺസിൽ—നിലവിലുള്ള അക്കാദമിക് കൗൺസിലിന് കൂടുതൽ അധികാരങ്ങൾ ഉണ്ടാകണം. ഇതിന് നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തിയാൽ മതി.

7.4 1. അക്കാദമിക് കൗൺസിലിന് സബ്ജക്ട് കമ്മിററികൾ രൂപീകരിക്കണം. ഇപ്പോഴത്തെ നിയമത്തിന്റെ ഭേദഗതികൊണ്ട് ഇതു് സാധിക്കാം.

## VIII ഉന്നതവിദ്യാഭ്യാസ കൗൺസിൽ

(റഫ: അദ്ധ്യായം 7 വകുപ്പ് 41)

8.1 0. 41-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നതുപോലെ ഉദ്യോഗസ്ഥന്മാരാൽ നിറയ്ക്കപ്പെട്ട ഉപദേശക സമിതി സ്വാതന്ത്ര്യവും നിഷ്പക്ഷവുമായി അതിന്റെ കടമകൾ നിർവഹിക്കുന്നതിന് പര്യാപ്തമല്ല. ആസൂത്രണവും ഏകോപനവുമാണല്ലോ അതിന്റെ ചുമതലകൾ. പ്രായോഗികമായി സർക്കാരിന്റെ താൽപര്യം അനുസരിച്ചുള്ള ഉപദേശമേ ഈ സമിതിക്കു നൽകാനാവൂ. അതുകൊണ്ട് സർവകലാശാലകളുടെ മേൽ സർക്കാരിന്റെ സമ്മർദ്ദം ഉണ്ടാക്കുന്ന ഇത്തരമൊരു സമിതി അഭിലഷണീയമല്ല.

8.2.0. ഒന്നിലേറെ സർവകലാശാലകളുള്ള ഒരു സംസ്ഥാനത്ത് പലകാര്യങ്ങളിലും കൂടിയാലോചന ആവശ്യമായിവരാം. അതിന് ഇന്നുനിലവിലുള്ള ഇൻറർ യൂണിവേഴ്സിററി കൺസൾട്ടേററീവ് കമ്മററി' പുനഃസംഘടിപ്പിച്ച് കാര്യക്ഷമമാക്കുകയാണ് വേണ്ടത്.

## IX സാമ്പത്തികകാര്യങ്ങൾ

9.1.0. 'Strees should be given to provide......financial control with accountability......' (Act page 71)

സർക്കാരും മററ് ഏജൻസികളും നൽകുന്ന ഗ്രാൻറുകൾ വിനിയോഗിക്കുന്നതിൽ സർവകലാശാലകളുടെമേൽ ഇന്ന് ആർക്കും യാതൊരു നിയന്ത്രണവുമില്ലായെന്നുതോന്നും പുതിയനിയമത്തിലെ വകുപ്പുകൾ വായിച്ചാൽ.

9.1.1 ഇന്നുനിലവിലുള്ള സർവകലാശാലാ നിയമങ്ങളിൽ സമൂഹത്തിന്റെ ഓഡിറ്റിംഗിന് ധാരാളം വ്യവസ്ഥകൾ ഉണ്ട്. (കാലിക്കട്ട് നിയമം അധ്യായം 4 വകുപ്പ് 19, ഉപവകുപ്പ് 2)

9.1.2. സർക്കാരിനും അന്വേഷണം നടത്താൻ നിലവിലുള്ള നിയമം അധികാരം നൽകുന്നുണ്ട്. 'The Govt. shall have the right to cause an inspection…' (കാലിക്കട്ട് ആക്ട്, അധ്യായം IX, വകുപ്പ് 69) സെനറ്റും, സിൻഡിക്കേറ്റും, സർക്കാരും ചേർന്നുള്ള അന്വേഷണരീതിയാണ് ഇവിടെ കാണുന്നത്.

9.1.3 ഏതെങ്കിലും കാരണത്താൽ സെനറ്റും, സിൻഡിക്കേറ്റും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ലെങ്കിൽ സർക്കാരിനിടപെടാനുള്ള വകുപ്പുംആക്ടിലുണ്ട്. "Where the Senate or the Syndicate does not within a reasonable time take any action to the satisfaction of the Govt., the Government may…… issue such directictions as they think fit—and the Senate and the Syndicate shall comply with such directions' (Cl 69, vii)

9.1.4. ലെജിസ്ലേറ്റീവ് കമ്മറ്റിയെ നിയമിച്ച് പരിശോധന നടത്താനുള്ള അധികാരവും സർക്കാരിനുണ്ട്. റിസർവേഷൻ തത്വങ്ങൾ പാലിക്കുന്നുണ്ടോ എന്നു പരിശോധിക്കാൻ ബഹു:സ്പീക്കറുടെ അധ്യക്ഷതയിലുള്ള ഒരു കമ്മറ്റി തെളിവെടുത്തത് അടുത്ത കാലത്താണ്.

9.1.5. ചുരുക്കത്തിൽ സർവകലാശാലാ പ്രവർത്തനങ്ങൾ വിലയിരുത്താൻ ഇന്നുനിലവിലുള്ള സെനറ്റ്, ലെജിസ്ലേറ്റീവ്, സർക്കാർ സംവിധാനങ്ങൾക്കു പുറമെ കൂടുതൽ ഉദ്യോഗസ്ഥനിയന്ത്രണം വേണമെന്നാണെങ്കിൽ അത് യുക്തിക്ക് നിരക്കുന്നതല്ല.

9.2.0. വിഭവസമാഹരണം (അധ്യായം IX വകുപ്പ് 90, പേജ് 64) : സർവകലാശാലകൾ ഇപ്പോൾതന്നെ കൺസൾട്ടൻസ് സർവീസിലൂടെയും പ്രോജക്ട് ഏറ്റെടുത്തും ചെറിയതോതിൽ വിഭവ സമാഹരണം നടത്തുന്നുണ്ട്. ഇതു വിപുലപ്പെടുത്തേണ്ടതാണെന്ന് സമ്മതിക്കുന്നു പക്ഷേ അതിന് പല പ്രതിബന്ധങ്ങളുണ്ട്. പ്രധാനമായും അക്കാദമിക നിലവാരപരമായ പ്രശ്നങ്ങളാണ് അവ. നിയമനിർമ്മാണം വഴി അത് മാറ്റുക സാദ്ധ്യമല്ല.

9.3.0. സെൽഫ് ഫൈനാൻസിംഗ് കോഴ്സുകൾ : ഇത് തീർത്തും പുതിയൊരു സംവിധാനമല്ല. പക്ഷേ, ഇനിയങ്ങോട്ടുള്ള എല്ലാത്തരം വിദ്യാഭ്യാസാവസര വികസനത്തിനും ഈ പ്രമാണമാണ് സ്വീകരിക്കുന്നെങ്കിൽ അത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഉന്നതവിദ്യാഭ്യാസം നിഷേധിക്കുന്നതിൽ ചെന്നെത്തും. ഈവനിംഗ് കോളേജുകൾ നിർത്തലാക്കി. സർക്കാർ ആരംഭിച്ചിരിക്കുന്ന 'ഡിസ് ഇൻവെസ്റ്റ്മെന്റ്' പരിപാടി കേരളത്തെ വിദ്യാഭ്യാസരംഗത്ത് പിന്നോട്ടുപായിക്കും. ഉന്നതവിദ്യാഭ്യാസരംഗം സമ്പന്നർക്കായി സംവരണം ചെയ്യുന്ന ഈ നയം പ്രഘോഷിക്കുന്നവർ ഓർക്കേണ്ട ഒരു ചരിത്രവസ്തുതയുണ്ട്. ഇന്നു കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് നിലവിലുള്ള 'ലവലിംഗ്' ഒരു പരിധിവരെയെങ്കിലും സാധ്യമായത് വിദ്യാഭ്യാസത്തിന് പൊതു ഖജനാവിൽ നിന്നും പണം മുടക്കിയതു കൊണ്ടാണ്.

9.4.0. സാമ്പത്തിക അച്ചടക്കം-ഈ വകുപ്പിൽ സംസ്ഥാന ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അംഗീകാരം ഇല്ലാതെയും, മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടിയും ചെയ്യാവുന്ന അധികാരങ്ങൾ കൊടുത്തിട്ടുണ്ട്. ഇത് പരിശോധിച്ചാൽ ചില കാര്യങ്ങൾ ബോധ്യമാകും.

9.4.1 അധ്യാപകനിയമനം ഉൾപ്പെടെയുള്ള കാര്യങ്ങൾ സർക്കാർ അനുമതിയോടെ മാത്രമേ നടത്താവൂ എന്നു വരുമ്പോൾ സർക്കാരിന്റെ ഹിതം അക്കാദമിക കാര്യങ്ങളിലും നിറവേറ്റപ്പെടുകയും അക്കാദമിക് കൗൺസിലും സിൻഡിക്കേറ്റുമൊക്കെ നോക്കുകുത്തികളായി മാറുകയും ചെയ്യും. സർവകലാശാലകൾക്കുമേലുള്ള ബ്യൂറോക്രാറ്റിക് നിയന്ത്രണം അരക്കിട്ടുറപ്പിക്കുന്നതാണ് ഈ വകുപ്പുകൾ.

9.4.2. സർവകലാശാലയുടെ ദൈനംദിനചിലവുകളെ സർക്കാരിനു നിയന്ത്രിക്കാൻ കഴിയുന്ന കൺകറന്റ് ഓഡിറ്റിംഗ് സമ്പ്രദായം ഇപ്പോൾതന്നെ നിലവിലുണ്ട്.

9.4.3. സർവകലാശാലയുടെ സാമ്പത്തിക അച്ചടക്കത്തിന് സർക്കാർ നിയന്ത്രണങ്ങൾ ഇപ്പോൾ തന്നെയുണ്ട്. ഇതിലൊരു പ്രധാന

## പ്രവർത്തകക്ക്യാമ്പ് വിജയിപ്പിക്കുക

പീച്ചിയിൽ ഒക്ടോബർ 16, 17 തീയതികളിൽ നടക്കുന്ന എ.കെ.പി.സി.ടി.എ. പ്രവർത്തക ക്യാമ്പിൽ ഓരോ ബ്രാഞ്ചിൽനിന്നും കുറഞ്ഞത് ഈരണ്ടുപേർ പങ്കെടുക്കണം. ഉന്നത വിദ്യാഭ്യാസ ദർശനം, ട്രേഡ് യൂണിയൻ, കേരളായൂണിവേഴ്സിററി ബില്ല്, ഭരണഘടനാ ഭേദഗതി, സംഘടനാ പ്രവർത്തനം തുടങ്ങിയ വിഷയങ്ങളാണ് ക്യാമ്പിൽ ചർച്ച ചെയ്യുക. 16-ാംതീയതി രാവിലെ 10മണിക്ക് ക്യാമ്പ് ആരംഭിക്കും.

ഘടകമാണ് സ്ററാട്യൂട്ടറി ഫൈനാൻസ് കമ്മററി. ഫൈനാൻസ് സെക്രട്ടറിയും, ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിയും അംഗങ്ങളായിട്ടുള്ള ഈ കമ്മററിയിലൂടെ സർക്കാരിന്റെ അഭിപ്രായങ്ങൾ സർവകലാശാലയെ അറിയിക്കാവുന്നതാണ്.

9.4.4. സർവകലാശാലയുടെ സ്വയംഭരണം എന്ന തത്വത്തെ ആദരവോടെ നോക്കിക്കാണുന്നവർക്ക് സാമ്പത്തിക നിയന്ത്രണാധികാരത്തിന്റെ മറവിൽ ബ്യൂറോക്രസി മേധാവിത്വം സ്ഥാപിക്കുന്നത് അനുവദിക്കാനാവില്ല.

### X. പ്രീഡിഗ്രി വിഘടനം

10.1.0. 1964 മുതൽ കഴിഞ്ഞ മുപ്പതോളം വർഷമായി സർവകലാശാലകളുടെ നിയന്ത്രണത്തിൽ തുടർന്നുവന്ന കോഴ്സാണ് +2ന് തുല്യമായ പ്രീ ഡിഗ്രി. ബിരുദ-ബിരുദാനന്തര ക്ലാസുകളിൽ അധ്യാപനം നടത്തുന്നവർ തന്നെയാണ് പ്രീഡിഗ്രി ക്ലാസുകളിലും പഠിപ്പിക്കുന്നത്. ഇതുവരെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായ എല്ലാ പരിഷ്ക്കാരങ്ങളും കേരളത്തിലെ കോളേജ് അദ്ധ്യാപകരെ ഒരേ തലത്തിലെ ബാധിച്ചിട്ടുള്ളു. ഏററവും ഒടുവിൽ യു.ജി.സി. സ്കീം ഇവിടെ നടപ്പിലായപ്പോഴും കോളേജധ്യാപകരിൽ ആരെയും സർവകലാശാലകൾക്ക് ഉതരമാക്കിയില്ല.

10.1.1. കേരളത്തിൽ മൂന്നിടങ്ങളിൽ +2 ക്ലാസുകൾ നടക്കുന്നു. ഹയർസെക്കണ്ടറി സ്കൂളിലും, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്ക്കൂളിലും +2വിന്റെ നിലവാരം ശോചനീയമാണ്. കോളേജുകളിൽ നടക്കുന്ന +2 വിനു തുല്യമായ പ്രീഡിഗ്രി കോഴ്സാണ് താരതമ്യേന മെച്ചപ്പെട്ട നിലവാരം പുലർത്തുന്നത്. കോളേജുകളിൽ നിന്നുമുള്ള പ്രീഡിഗ്രി ക്ലാസുകളുടെ തിടുക്കത്തിലുള്ള വേർപെടുത്തൽ നിലവാരപരമായ ഒരു പ്രതിസന്ധിക്ക് ഇടയാക്കും.

10 2 1. ഗസററ് വിജ്ഞാപനംവഴി ഗവൺമെൻറിനു യുക്തമെന്നു തോന്നുന്ന തീയതിമുതൽ പ്രീഡിഗ്രി വിദ്യാഭ്യാസത്തെ കേരള ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ബോർഡിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുമെന്നു പറയുന്നു. (അധ്യായം വകുപ്പ് 55). യു.ജി.സി. സ്കീമിൽ ഉൾപ്പെട്ടിട്ടില്ലാത്തതും ഡിഗ്രി കോഴ്സുകൾക്ക് ആവശ്യമുള്ളതിൽ കവിഞ്ഞുവരുന്നതുമായ അധ്യാപകരെ ഗവൺമെൻറുതന്നെഹയർ സെക്കണ്ടറി വിഭാഗത്തിലേക്ക് മാററുമെന്നും അവരുടെ ലീൻ മാതൃസ്ഥാപനത്തിൽ നിലനിർത്തുമെന്നും വ്യവസ്ഥ ചെയ്യുന്നു. തിടുക്കത്തിലുള്ള ഈ വിഘടനം താരതമ്യേന ശാന്തമായ ഉന്നത വിദ്യാഭ്യാസ മേഖലയെ പ്രശ്നസങ്കീർണ്ണമാക്കും.

10.3.0. അതതുകാലത്തുള്ള സർവകലാശാല നിയമങ്ങൾക്ക് വിധേയമായി മാത്രം കോളേജുകളിലേക്ക് നിയമിതരായ അധ്യാപകരിൽ ഒരു

വിഭാഗത്തെ തരംതാഴ്ത്തുന്ന നടപടി സാമാന്യ നീതിക്ക് ഒരു വിധത്തിലും നിരക്കുന്നതല്ല. ഈ വ്യവസ്ഥകളോട് എ. കെ. പി. സി. ടി. എ. യ്ക്ക് ഒരു കാരണവശാലും യോജിക്കാനാവില്ല.

10.4.1. കോളേജുകളിൽ ഇന്നു ലഭ്യമായ മെച്ചപ്പെട്ട സൗകര്യങ്ങൾ തുടർന്നും കുറെക്കാലംകൂടി ഉപയോഗപ്പെടുത്തുവാനും മററുള്ളിടങ്ങളിൽ നില നിൽക്കുന്ന +2 കോഴ്സ് മെച്ചപ്പെടുത്തിക്കൊണ്ടുവരാനും സർക്കാർ തയ്യാറാകണം. ഒരു 'Phased Programme' ആയി മാത്രമെ പ്രീഡിഗ്രികോഴ്സ് കോളജുകളിൽ നിന്നും വിടർത്താവൂ.

10.4.2. കോളേജുകളിൽ അധ്യാപകർ റിട്ടയർ ചെയ്യുന്ന മുറയ്ക്ക് പ്രീഡിഗ്രി ബാച്ചുകളുടെ എണ്ണം കുറച്ചുകൊണ്ടുവരാവുന്നതാണ്. ഇത് കാലക്രമേണ കോളേജുകളിൽ നിന്നും പ്രീഡിഗ്രി ക്ളാസ്സുകൾ അപ്രത്യക്ഷമാകാൻ ഇടയാക്കിയേക്കും. അങ്ങനെ കാലാന്തരത്തിൽ പ്രീഡിഗ്രി ക്ളാസുകൾ മാറുമ്പോൾ ഏതെങ്കിലും വിഷയത്തിൽ അധ്യാപകർ അധികമായാൽ അവരെ സൂപ്പർന്യൂമററിയായി കോളേജുകളിൽത്തന്നെ എല്ലാ ആനുകൂല്യങ്ങളോടുംകൂടി നിലനിർത്തണം. കൂടുതൽ കോഴ്സുകൾ അനുവദിച്ചും, അധ്യാപക വിദ്യാർത്ഥി അനുപാതം കുറച്ചും, ഇൻസ്ട്രക്ഷണൽ മണിക്കൂറുകൾ ആഴ്ചയിൽ 25 എന്നത് 30 ആക്കി പുനഃസംവിധാനം ചെയ്തും കൂടുതൽ അധ്യാപകരെ യു. ജി സി. സ്കീമിൽ ഉൾപ്പെടുത്തേണ്ടതാണ്.

10.5 0. കോളജ് അധ്യാപകരെ സംബന്ധിച്ചിടത്തോളം ഇന്നുള്ള 'കോംപോസിററ്' സ്വഭാവം അതേപടി നിലനിർത്തിക്കൊണ്ടും, ഇന്ന് ഓരോ കോളേജുകളിലുമുള്ള മുഴുവൻ അധ്യാപകരെയും അതതു കോളേജുകളിൽ തന്നെ കോളേജ് അധ്യാപകരായി തുടരാൻ വ്യവസ്ഥ ചെയ്തുകൊണ്ടും മാത്രമെ പ്രീഡിഗ്രി ക്ളാസുകളുടെ സർവകലാശാലാ തലത്തിൽ നിന്നുമുള്ള വിഘടനം നടപ്പിലാക്കാവൂ.

## XI സ്വകാര്യകോളേജുകൾ

11.1 0. പ്രൈവററ് കോളേജ് അധ്യാപകരുടെ സേവനവ്യവസ്ഥകൾ പഴയനിയമത്തിലേതുപോലെ പുതിയ നിയമത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. പക്ഷേ, സിൻഡിക്കേററിൻറയും തൻമൂലം സ്ററാൻഡിംഗ്കമ്മററിയുടെയും ഘടന മാറിയിട്ടുണ്ട്. പക്ഷേ, സിൻഡിക്കേററിൽ ഭൂരിപക്ഷം എക്സ് ഒഫീഷ്യോ—നോമിനേററഡ് അംഗങ്ങളാണ് ഉള്ളത്. അതുകൊണ്ട് പഴയവകുപ്പുകൾ നിലനിൽക്കുന്നുവെങ്കിൽപ്പോലും നേരത്തെ അധ്യാപകർക്ക് ലഭിച്ചുകൊണ്ടിരുന്ന നീതി സമിതികളിൽ നിന്നും ലഭിക്കാതെ പോകും.

11.2 0 പുതിയ ബില്ലിലെ 76-ാം വകുപ്പ്, നിലവിലുള്ള നിയമത്തിലെ അധ്യാപകരുടെ അന്തർസർവകലാശാലാ സ്ഥലംമാററങ്ങളെ നിയന്ത്രിക്കുന്ന 64-ാം വകുപ്പുതന്നെയാണ്. അത് അതേപടി പുതിയ ബില്ലിൽ എഴുതിചേർത്തിരിക്കുന്നതുമൂലം ഒരിക്കൽ പൂർത്തിയാക്കിയ സീനിയോറിററി ലിസ്ററ് പ്രസിദ്ധീകരിക്കൽ മുതലായ നടപടിക്രമങ്ങളെല്ലാം പുതിയ നിയമം നടപ്പായി മൂന്നു മാസത്തിനകം ആവർത്തിക്കേണ്ടിവരും. 64-ാംവകുപ്പ് നടപ്പായ 21.10.1987 നുശേഷം നിയമനം ലഭിച്ച ഓപ്ഷൻ നൽകാൻ അവസരം കിട്ടാത്ത അധ്യാപകർക്ക് കൂടെ അതു നൽകാൻ കഴിയത്തക്കവണ്ണം ഈ വകുപ്പ് ഭേദഗതി ചെയ്താൽ മതിയാകും. ഓരോ സർവകലാശാലയുടേയും പരിധിക്കകത്തുള്ള അധ്യാപകരുടെ സ്ഥലം മാററങ്ങൾക്ക് (Intra University Transfer Norms) വ്യക്തമായ വ്യവസ്ഥകൾ നിയമത്തിൽ ഉൾപ്പെടുത്തണം.

11.3 0 വകുപ്പ് 101 അനുസരിച്ച് ഒരു ദിവസം പരീക്ഷാ ജോലിചെയ്യാൻ വിസമ്മതിച്ചാൽ മൂന്നുമാസത്തെ ശമ്പളം നിഷേധിക്കുന്നു. ഈ വ്യവസ്ഥ അന്യായമാണ്. അത് മാററുകതന്നെ വേണം.

## XII ഉപസംഹാരം

### *പുതിയ ബിൽ ഉപേക്ഷിക്കുക*

12.1.0. '1993 ലെ കേരള സർവകലാശാലകൾ ബില്ലിൽ' ഉൾപ്പെടുത്തിയിരിക്കുന്ന വ്യത്യസ്ത വകുപ്പുകളുടെ വിശദമായ വിശകലനം ഒരു കാര്യം വ്യക്തമാക്കുന്നു. ഇതിൽ വിദ്യാഭ്യാസനയങ്ങളുടെ അന്തർധാരയായി പ്രവർത്തിക്കേണ്ട ചില അടിസ്ഥാന പ്രമാണങ്ങൾ തിരസ്ക്കരിച്ചിരിക്കുന്നുവെന്നതാണത്. ഈ പ്രമാണങ്ങളിൽ സർവകലാശാലകളുടെ സ്വയംഭരണം, ഉന്നതവിദ്യാഭ്യാസ രംഗത്തിൻെറ ജനാധി

# ഗവ: ഉത്തരവുകൾ

## വർക്ക്ലോഡ്

GOVERNMENT OF KERALA

ABSTRACT

Higher Education Department—UGC Scheme—refixing of working hours in Colleges and work-load of College Teachers—Orders issued.

---

HIGHER EDUCATION (B) DEPARTMENT

G. O. (MS) No. 118/93/H. Edn. Thiruvananthapuram, Dated: 13/9/93.

---

Read:—(1) G.O (P) No. 79/90/H Edn. dt. 27-3-90.

(2) G.O. Lr. No. UGC Cell 1 (i) 3686/93/Coll. Edn dt. 21-I-91 from the Director of Collegiate Education, Thiruvananthapuram.

ORDER

In the G O. read as first paper above, it is specified that the work load of various activities of college teachers should be not less than 40 hours a week and a break up of work load was also specified fixing teaching hours as 16 per week.

2) Various teachers organisations approached Government with a request to reduce the teaching hours from 16 hours. As per letter read as 2nd paper above, the Director of Collegiate Education has submited a proposal for refixing the 40 weekly hours.

---

പത്യവൽക്കരണം തുടങ്ങിയവ ഉൾപ്പെടുന്നു. ഈ മൗലികപ്രമാണങ്ങൾ ഉപേക്ഷിക്കുന്നയവസരത്തിൽത്തന്നെ പുതിയ ബിൽ വാണിജ്യവൽക്കരണവും, സ്വകാര്യ താത്പര്യസംരക്ഷണവും, ബ്യൂറോക്രൈറ്റെസേഷനുമെല്ലാം അവിഭാജ്യഘടകമായ ഒരു പുതിയ മൂല്യബോധവും, ഘടനയും അരക്കിട്ടുറപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഇത് ഉന്നതവിദ്യാഭ്യാസരംഗത്തിന്റെ ഗുണപരമായ പരിവർത്തനത്തിന് സഹായിക്കില്ല; കാര്യക്ഷമത വർധിപ്പിക്കുകയുമില്ല; പുതിയ സംഘർഷമേഖലകൾ തുറക്കാനും അസമത്വത്തിന്റെയും അനീതിയുടേയും ഘടനകൾ ശക്തിപ്പെടാനുമേ ഉതകൂ. അനവധാനവും ആസൂത്രണരഹിതവുമായ നടപടികളിലൂടെ പ്രീഡിഗ്രി വിദ്യാഭ്യാസം വേർപെടുത്തി ഇന്നുള്ള കോളേജ് അധ്യാപകരിൽ ഒരു വിഭാഗത്തെ തരംതാഴ്ത്തുവാനിടയാക്കുന്ന ഈ നിയമം വിദ്യാഭ്യാസരംഗത്തെ അതിഭയങ്കരമായ കാലുഷ്യത്തിലേക്കു നയിക്കും. ഇക്കാരണങ്ങളാൽ '1993ലെ കേരള സർവകലശാലകൾ ബിൽ' പൂർണ്ണമായി പിൻവലിക്കണമെന്ന് എ കെ പി. സി. ടി. എ. ശക്തിയായി ആവശ്യപ്പെടുന്നു.

പ്രൊഫ. കെ. സദാശിവൻനായർ
ജനറൽ സെക്രട്ടറി
എ കെ പി സി ടി എ

തിരുവനന്തപുരം
14-9-1993

3) Government have examined the matter in detail and are pleased to order as follows ;

(1) The teaching hours of college teachers will be refixed as 15 hours per week.

(2) Additional post will be sanctioned only if there are periods above six. In solitary cases where a teacher will be burdened with 19 periods or above, a part-time post will be sanctioned. The remuneration for the part-time post in Government Colleges as well as Private Colleges will be as in the case of part-time law teachers appointed on contract basis.

(3) The working hours in the colleges will be 9 AM to 4 PM or 9.30 AM to 4-30 PM with a lunch break between 12 Noon and 1 PM or 12.30 PM to 1-30 PM.

(4) The break up of the work load of college teachers will be as detailed below:

No. 1. Under Graduate Colleges.

1. (a) Lecturers in Non-laboratary subjects:-

| Activity :- | Average number of hours per week : |
|---|---|
| 1. Teaching | 15 |
| 2. Test papers | 2 |
| 3. Tutorials | 5 |
| 4. Preparation of teaching | 10 |
| 5. Supervision of academic work | 4 |
| 6. Administrative work | 4 |
| Total | 40 hours |

(b) Science subjects involving laboratory work

| Activity | Average number of hours per work. |
|---|---|
| 1. Teaching | 15 |
| 2. Laboratory and laboratory preparation | 4 |
| 3. Test papers | 2 |
| 4. Teaching preparation | 10 |
| 5. Tuotrials | 5 |
| 6. Supervision of academic works | 4 |
| Total | 40 hours |

2. Colleges with Post Graduate Departments :-

a) Non-laboratory subjects ;

| Activity | Average number of hours per week |
|---|---|
| 1. Teaching | 10 |
| 2. Test papers / Assingnments | 5 |
| 3. Tutorials | 5 |
| 4. Preparation for teaching | 10 |
| 5. Research/Research Assignments | 10 |
| Total | 40 hours |

(b) Lecturers in Science Subjects :

| Activity | Average number of hours per week |
|---|---|
| 1. Teaching including Laboratory work | 10 |
| 2. Test papers/Assignments | 5 |
| 3. Tutorials | 5 |
| 4. Preparation for teaching | 10 |
| 5. Research/Research Assignments | 10 |
| Total | 40 hours |

4) The conditions regarding work-load specified in G.O read as first paper above stand modified to this extent.

By Order of the Governor,
G. KUCHELA DAS
Joint Secretary to Government

## NET സമയപരിധി ദീർഘിപ്പിച്ചു

GOVERNMENT OF KERALA
ABSTRACT

Higher Education Department—Implementation of UGC Scheme—teachers appointed after 13-3-90—National Level Eligibility Test—time limit extended—modified Orders issued.

HIGHER EDUCATION (B) DEPARTMENT

G.O. (Rt) No. 1348/93/H. Edn. Thiruvananthapuram, Dated: 26/8/93.

# എ കെ പി സി ററി എ നിവേദനങ്ങൾ

## വർക്ക് ലോഡ്: ഉത്തരവിൽ മാററം വരുത്തണം

Commissioner and Secretary, Higher Education Department, Govt, of Kerala.

Madam,

Ref : G. O. (MS) No. 118/93 H. Edn. Thiruvananthapuram dt. 13-9-93.
Sub: Work-load of teachers in affiliated colleges-regarding

We would like to bring to your serious attention some of the grave problems that have arisen consequent on the issuance of the recent G. O. (MS) No. 118/9 H. Edn. Trivandrum dt. 13-9-93. The GO, we are sorry to say, goes against the very spirit of the understanding reached between the Government and the representatives of the teachers' organisations at the meeting held on 22-3-1993. In the discussion it was agreed upon.

---

Read :—(1) G.O. (Rt) No. 1020/92/H. Edn.dt. 2-7-92.
(2) Govt. lr. No. 9322/B2/92/H.Edn. dt. 28-8-92.
(3) Lr. No. UGC Cell I (i) 36250/92/Coll. Edn. dt. 5-6-93 from the Director of Collegiate Education, Thiruvananthapuram.

ORDER

It has been clarified, among other things, in the G. O. read as first paper above that all teachers in affiliated colleges newly appointed between 13-3-90 and 2-7-92 should pass the National Level Eligibility Test, conducted by the UGC before 2-7-93 It has also been clarified that all teachers re-appointed after 13-3-90 should also pass the eligibility test on or before 2-7-93.

2) In the letter read as 2nd paper above, the Director of Collegiate Education has now requested that the teachers appointed before 13-3-90 and reappointed after 13-3-90 may be given a further chance to pass the eligibility test within a period of another year from 2-7-93.

3) In the circumstances, Government are pleased to order that the time limit allowed to the above teachers for passing the National Eligibility Test is extended for a further period of one year from 2/7/93.

4) The G.O read as first paper above will stand modified to this extent.

By Order of the Governor,
B. LEELA KUMARI
Under Secretary to Government.

1. that the teaching hours of the college teachers will be refixed as 15 hours a week

2. that as in the existing university ordinance there will be provision for additional post for any balance of hours left, once all the teachers are given the maximum workload and

3. that the Government would initiate neccssary and effective steps to get the University ordinances amended suitably incorporating the above said items

As per the G. O. of 13-9-93, the Government have agreed to the maximum workload of college teachers as 15 hours a week.

But the clause 2 in the G. O. that "additional posts will be sanctioned only if there are periods above six', is highly objectionable and we request you to withdraw the clause in to which also provides for the creation of part-time teachers in all subjects This clause, we fear, would pave the way for large-scale corruption and consequent. deterioration of standards. Hence we request you to replace it with the existing provision in the University ordinance which says, "there ia provision for additional posts for any balance of hours left' once all the teachers are given the maximum workload".

We, therefore request you to take effective steps to request the Universities to immediately amend the Universityordianances incorporating the above said clauses.

We would also request you to carefully look into the following points.

The principals of affiliated colleges are over burdened with administrative work and hence no teaching work may be fixed for them.

The Heads of departments in the colleges may also be sanctioned a reduction in the workload, in line with the existing university ordinance.

Similarly senior teachers who act as research guides with research students working under them. may also be given reduction in workload as suggested in the U. G. C. order of 27-3-98.

It is also requested that effective steps may be taken to get the university ordinances amended to incorporate above-mentioned items as well.

Thanking you,

Yours faithfully,

Trivandrum,
24-9-1993.

K. Sadasivan Nair
General Secretary.

# എല്ലാ കോളേജുകളിലും ധർണ

യു. ജി. സി. യുടെ ആനുകൂല്യങ്ങൾ ലഭിക്കാത്ത 8 വർഷത്തിൽ താഴെ സർവ്വീസുള്ള കോളേജധ്യാപകരെ പേ ഇക്വലൈസേഷൻ റിപ്പോർട്ടിൽ അവഗണിച്ചതിൽ പ്രതിഷേധിച്ച് എ കെ പി സി ടി എ എല്ലാ കോളേജുകളിലും സെപ്റ്റംബർ 29ന് ധർണനടത്തി. പാരിററിയുടെ പേരിൽ കബളിപ്പിക്കപ്പെട്ട സംസ്ഥാന ജീവനക്കാരും അധ്യാപകരും അനിശ്ചിതകാല സമരത്തിന്റെ മുന്നോടിയായി അന്നു പണിമുടക്കുകയുണ്ടായി. ഇപ്പോൾ സംസ്ഥാനസ്കെയിലിൽ നിൽക്കുന്ന കോളേജധ്യാപകരുടെ കേന്ദ്രനിരക്ക് 2200–4000 ആണ്. ഇതാണ് യു. ജി. സിയുടെ തുടക്കത്തിലെ സ്കെയിൽ. ഇതു നൽകണമെന്ന് എ കെ പി സി ടി എയും ഐക്യസമരസമിതിയും സർക്കാരിനോട് പല പ്രാവശ്യം ആവശ്യപ്പെട്ടിരുന്നു. എന്നാൽ സർക്കാർ ഇത് പരിഗണിച്ചില്ല മാത്രമല്ല നിലവിലുള്ള ലീവ് സറണ്ടർ ആനുകൂല്യങ്ങളും മററും വെട്ടിക്കുറച്ചിരിക്കുകയുമാണ്.

എല്ലാ കോളേജുകളിലും പ്രതിഷേധ ധർണ വിജയിപ്പിച്ചഅദ്ധ്യാപകരെ എ കെ പി സി ടി എ ജനറൽ സെക്രട്ടറി പ്രൊഫ. കെ. സദാശിവൻനായർ അഭിനന്ദിച്ചു.

---



# ഡോ: കെ. കുരുവിള അന്തരിച്ചു

ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളേജ് സസ്യശാസ്ത്രവിഭാഗം മേധാവിയും, എ.കെ.പി.സി.ടി.എ.സജീവ പ്രവർത്തകനുമായിരുന്ന ഡോ: കെ. കുരുവിള(52)അന്തരിച്ചു 1968 മുതൽ എ.കെ.പി.സി. ടി.എ. നടത്തിയിട്ടുള്ള എല്ലാ പ്രക്ഷോഭ സമരങ്ങളിലും ഡോ: കുരുവിള പങ്കാളിയായിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭാര്യ സാറാ ററി. പി.ആലുവ സെൻറ് സേവിയേഴ്സ് കോളേജിൽഫിസിക്സ് അദ്ധ്യാപികയാണ്. മകൻ ബിനു മെഡിക്കൽ വിദ്യാർത്ഥിയും മകൾ ജയ സ്കൂൾ വിദ്യാർത്ഥിനിയുമാണ്. ആലുവായിലെ സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ സജീവ പങ്കാളിയായിരുന്നുകുരുവിള. എ കെ പി സി ടി എ പ്രവർത്തക സമിതിയും, ജില്ലാ കൗൺസിലും, യു.സി. കോളേജ് യൂണിററും അദ്ദേഹത്തിന്റെവിയോഗത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തി.

---

(8-ാം പേജിന്റെ തുടർച്ച)

പയോഗിക്കുന്ന അധ്യപനരീതിയുടെ കാര്യത്തിലും സമൂലമായ പരിവർത്തനം വരുത്തിയാൽ മാത്രമെ വിദ്യാഭ്യാസം ജനങ്ങൾക്കു ഉപകാരപ്രദമാവുകയുള്ളു ആ വഴിക്കല്ലാതെ നടത്തുന്നു ഏതു വിദ്യാഭ്യാസപരിഷ്കാരവും സമൂഹത്തിന്റെ തലപ്പത്തിരിക്കുന്ന ഒരു ന്യൂനപക്ഷത്തെ മാത്രം വിദ്യാസമ്പന്നരാക്കും. അവരിൽ നിന്നു തൊഴിലില്ലാത്തവരെ സൃഷ്ടിക്കാനെ സഹായിക്കുകയുമുള്ളു നമുക്കാവശ്യമാകട്ടെ: ജനങ്ങൾക്കാകെ പ്രാധമികവിദ്യാഭ്യാസം, പ്രാഥമിക സെക്കൻഡറി തലങ്ങളിൽ തൊഴിൽ പരിശീലനമടങ്ങുന്നതും മാതൃഭാഷയിൽ നടത്തുന്നതുമായ വിദ്യാഭ്യാസം, സെക്കൻഡറിയുടെ മീതെയുള്ള തലങ്ങളിൽ ഓരോ വിഷയത്തേയും സംബന്ധിച്ച് ശാസ്ത്രീയവും പ്രായോഗികവുമായ വിജ്ഞാനം നേടാൻ എന്നിവ ഉൾക്കൊള്ളുന്ന ഒരു വിദ്യാഭ്യാസരീതിയാണ് അതിനു പററിയ രീതിയിൽ പാഠ്യവിഷയങ്ങളും അധ്യാപനക്രമവും രൂപപ്പെടുത്തണം

(മാർക്സിസ്ററ് സംവാദം ജൂലൈ-സെപ്ററംബർ 1993)

# NET - ഒഴിവാക്കപ്പെട്ടവർ

GOVERNMENT OF KERALA

ABSTRACT

Higher Education Department—UGC Scheme implementation—Minimum qualifications prescribed for appointment as lecturer—National Eligibility Test—exempted—modified orders issued.

HIGHER EDUCATION (B) DEPARTMENT

G.O. (MS) No. 115/93/H.Edn. Thiruvananthapuram, Dated : 10/9/1993.

Read : (1) G O. (MS) No. 59/93/H Edn. dt. 11 5 93.

(2) D.O. No. F.4-2/90 (NET) dt. 15-6-93 from the Secretary, UGC New Delhi

ORDER

In the G.O. read as first paper above, Government have issued orders exempting the following categories from passing the National Eligibility Test for appointment as Lecturers in Universities/Colleges.

(i) Those who have passed the National Eligibility Test examination conducted jointly by the CSIR—UGC for Junior Research Fellowship Award.

(ii) Those who have been awarded M. Phil Degree up to 30-3-91 and

(iii) Those who have already been awarded Ph.D Degrees or would be awarded the Ph.D Degree by 31-12-92.

2) In the letter read as 2nd paper above, Secretary, University Grants Commission has now clarified, among otherthings that "candidates who will submit their ph. D thesis up to 31-12-93 and candidates who have done M.Phil up to 31-12-92 have been exempted from passing National Eligibility Test." In the circumstances Government are pleased to order that candidates who will submit their Ph. D thesis up to 31-12-93 and candidates who have done M Phil up to 31-12-92 are exempted from passing the National Eligibility Test.

3) The G.O. read as first paper above will stand modified to this extend.

By Order of the Governor
B. LEELA KUMARI
UNDER SECRETARY TO GOVERNMENT

## PSMO കോളേജിൽ സംഘടനയ്ക്ക് വിജയം

തിരൂരങ്ങാടി PSMO കോളേജ് കൗൺസിലിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ AKPCTA പ്രതിനിധി പി. മൊഹമ്മദ് വിജയിച്ചു.

**Kerala private college teacher**

monthly journal of the all kerala private college teachers' association

R. No. 36025/81 No. 115 Registered No. KLTV(N)35

മഹാരാഷ്ട്ര
ഭൂകമ്പദുരന്തം:

ദുരിത ബാധിതരെ
സഹായിക്കാൻ
മുന്നിട്ടിറങ്ങുക

എല്ലാ
അധ്യാപകരും
ദുരിതാശ്വാസ
നിധിയിലേയ്ക്ക്
ഒരു ദിവസത്തെ ശമ്പളം
നല്കുക

—എ കെ പി സി ടി എ

Printed and published by v. narayanankutty at chempaka printers
Thiruvananthapuram-4 phone : 442127 chief editor: sukumaran nair